# 8
# ക്രിസ്തുവിന്റെ ശുശ്രൂഷയുടെ ശ്രേഷ്ഠത
# (8:1-13)

അദ്ധ്യായം 8 ലെ ആദ്യ വാക്യങ്ങൾ 4:14-7:28 ൽ ചർച്ച ചെയ്തത് പോലെ, പുത്രന്റെ പൗരോഹിത്യ ദൗത്യത്തിലേക്ക് മാറിയിരിക്കുന്നത് അവന്റെ ശ്രേഷ്ഠ പൗരോഹിത്യത്തെ വെളിപ്പെടുത്തുകയാണ് (വാ. 1-5). നമ്മുടെ മഹാപുരോഹിതനായ ക്രിസ്തുവിന്റെ ശ്രേഷ്ഠത്വ സത്യത്തെയാണ് എബ്രായ ലേഖനം പഠിപ്പിക്കുന്നത്.

1. ദൈവം മല്ക്കിസെദേക്കിന്റെ പ്രകാരമാണ് ക്രിസ്തുവിനെ വിളിച്ചത് (5:10).
2. ക്രിസ്തുവിനെ ആ ദൗത്യത്തിൽ ആക്കിയത് ആണയാകാം (7:20-22).
3. അവന്റെ മഹാപൗരോഹിത്യം എന്നേക്കുമുള്ളത് (7:23, 24).
4. അവന്റെ പ്രവൃത്തി പൂർണ്ണമായും ഫലപ്രദമാണ് (7:25).
5. എന്നേക്കും നമ്മുടെ മഹാപുരോഹിതനായി ശുശ്രൂഷ ചെയ്യുവാൻ വ്യക്തിപരമായി അവന് യോഗ്യതയുണ്ട് (7:26-28)
6. അവൻ സ്വർഗ്ഗത്തിലെ വിശുദ്ധ സ്ഥലത്താണ് ശുശ്രൂഷിക്കുന്നത് അല്ലാതെ ഭൂമിയിൽ അല്ല (8:1-5).
7. പുതിയ നിയമം നൽകുന്നതിൽ അവൻ ഉൾപ്പെട്ടിരുന്നു, അതിൽ നമുക്ക് പൂർണ്ണ പാപമോചനം ഉള്ളതിനാൽ, നമ്മുടെ പാപങ്ങൾ ഇനി ഓർക്കയില്ല (8:6-13).

നമ്മുടെ മഹാപുരോഹിതന്റെ ശുശ്രൂഷയുടെ സ്വഭാവങ്ങൾ എന്തെല്ലാമാണ്?

### അവന്റെ പുതിയ ശുശ്രൂഷ (8:1-5)

**സത്യകൂടാരത്തിലെ ശുശ്രൂഷ (8:1, 2)**

**1നാം ഈ പറയുന്നതിന്റെ സാരം എന്തെന്നാൽ; സ്വർഗത്തിൽ മഹിമാസനത്തിന്റെ വലത്തുഭാഗത്ത് ഇരുന്നവനായി, 2വിശുദ്ധസ്ഥലത്തിന്റെയും മനുഷ്യനല്ല കർത്താവ് സ്ഥാപിച്ച സത്യകൂടാരത്തിന്റെയും ശുശ്രൂഷകനായ മഹാ പുരോഹിതൻ നമുക്കുണ്ട്.**

**വാക്യം 1.** മുഖ്യ പോയിന്റ് (*കെഫാലായിലോസ്*) എന്നതിന്റെ അർത്ഥം "സംക്ഷിപ്തം" "ചുരുക്കം," അല്ലെങ്കിൽ "പ്രധാന പോയിന്റ്" എന്നാണ്. അവസാനം പറഞ്ഞതായിരിക്കാം കൂടുതൽ ശരി കാരണം ലേഖകന്റെ വാദം

ചുരുക്കി അവസാനിപ്പിക്കുന്നതാണ് ആ ഭാഗം.[1] താഴ്ന്ന നിയമത്തിൻ കീഴിൽ ശുശ്രൂഷിപ്പാൻ സാധ്യമല്ലാത്തവനാണ് നമ്മുടെ മഹാപുരോഹിതൻ; അവന്റെ സ്ഥാനം ഉയർന്നതാണ്.

അവന്റെ യാഗപ്രവൃത്തി അവസാനിച്ചത് കൊണ്ടാണ് ക്രിസ്തു **തന്റെ ഇരിപ്പിടത്തിൽ** ഇരുന്നത്. “ഇരിപ്പിടം” എന്നത് സൂചിപ്പിക്കുന്നത് രാജാവായി അവൻ സിംഹാസനത്തിൽ ഇരിക്കുന്നതിനെയാണ്. യെഹൂദ മഹാപുരോഹിതന്മാർ ആരും *സിംഹാസനത്തിൽ* ഇരുന്നില്ല. മഹാപുരോഹിതൻ കുറ്റമറ്റവനാണ് എന്ന് ഊന്നി പറയുകയാണ് ഇവിടെ. വിശ്വാസത്തിൽ നാം സ്വീകരിക്കുന്ന അദൃശ്യ ലോകമാണ് യഥാർത്ഥത്തിൽ ഉള്ളതെന്നാണ് എബ്രായ ലേഖനം വ്യക്തമാക്കുന്നത് (വാ. 2); ഈ പ്രതലത്തിലാണ് ക്രിസ്തു “മഹാപുരോഹിതൻ” (6:20) അല്ലെങ്കിൽ “ശുശ്രൂഷകൻ” (8:2) ആയിരിക്കുന്നത്. “സത്യമായ” ഒന്നിന്റെ “പതിപ്പ്” ആണ് ഇപ്പോഴത്തെ കൂടാരം (8:5; 9:24), എന്നാൽ അത് ഒരു “സ്വർഗ്ഗീയ നഗരം” നമുക്ക് ഉറപ്പിച്ച് തരുന്നു (11:16).

എബ്രായ ലേഖനത്തിലെ പത്ത് സന്ദർഭങ്ങളിൽ ഏഴിലും **സ്വർഗ്ഗം** എന്ന വാക്ക് ബഹുവചനത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. ആ വാക്ക് എഫെസ്യ ലേഖനത്തിൽ എപ്പോഴും ബഹുവചനത്തിലാണ് ഉള്ളത്. എബ്രായർ 9:23 ൽ അത് ബഹുവചനത്തിലാണ്, എന്നാൽ 9:24 ൽ ഏകവചനമാണ് ഉപയോഗിച്ചിരിക്കുന്നത്. ഒരു പക്ഷെ ചെറിയ വ്യത്യാസം ആയിരിക്കാം, ഉദ്ദേശിച്ചത്.[2] ദൈവവും ക്രിസ്തുവും വസിക്കുന്ന സ്ഥാനം ആകയാൽ ആയിരിക്കാം ബഹുവചനം ഉപയോഗിച്ചത്.

ക്രിസ്തീയ വ്യവസ്ഥയിൽ ഒരാൾ കുറവുള്ളത് കൊണ്ടും, തങ്ങൾക്ക് ദൈവം മഹാപുരോഹിതനായി ഉള്ളത് കൊണ്ടും തങ്ങൾ ഉയർന്നവരാണെന്നും ക്രിസ്ത്യാനികൾ–ആകാത്തവരാണെന്നും യെഹൂദന്മാർ ധരിച്ചിരുന്നു. എങ്ങനെയായാലും, ഒന്നാം നൂറ്റാണ്ടിൽ അവരുടെ മഹാപുരോഹിതന്മാരെ അവജ്ഞയോടെയാണ് കണ്ടിരുന്നത്. ഖുംറാൻ സമൂഹത്തിലെ ആളുകൾക്കായി ചാവുകടൽ ചുരുളുകളിലെ എസെനസ്–എന്ന വാക്ക്–അവരുടെ മഹാപുരോഹിതന്മാർക്ക് ഉപയോഗിച്ചതാണ്. ദൈവം തങ്ങളുടെ മഹാപുരോഹിതനെ തള്ളികളഞ്ഞു എന്നാണ് അവർ വിചാരിച്ചത്.[3] അതുപോലെ, ക്രിസ്ത്യാനികളോട്, “ഞങ്ങൾക്ക് ദൈവത്താൽ–നിയമിക്കപ്പെട്ട മഹാപുരോഹിതൻ ഉണ്ട്, എന്നാൽ നിങ്ങൾക്ക് അതില്ല” എന്ന് പറയുവാൻ കഴിയുമെന്ന് വിചാരിച്ചു. അതിന് വിരുദ്ധമായി, ക്രിസ്തു അതിശ്രേഷ്ഠതയുള്ള മഹാപുരോഹിതനായി സ്വർഗ്ഗത്തിൽ **ദൈവത്തിന്റെ വലത്ത് ഭാഗത്ത്** ഇരുന്നു വാഴുന്നു. ഒരു മനുഷ്യ പുരോഹിതനും അത് പറയുവാൻ സാധ്യമല്ല.

**വാക്യം 2**. ക്രിസ്തു വിശുദ്ധ സ്ഥലത്തെ ഒരു ശുശ്രൂഷകനാണ് “ശുശ്രൂഷകൻ” (*ലെയ്റ്റർഗോസ്*) അർത്ഥം ഉയർന്ന നിലയിലുള്ള പൊതു പ്രവർത്തകൻ, അല്ലെങ്കിൽ “പൗരോഹിത്യ ശുശ്രൂഷ ചെയ്യുന്ന ആൾ.” “വിശുദ്ധ സ്ഥലം” എന്ന് പറയുന്നത് സ്വർഗ്ഗമാണ്, അതാണ് വാസ്തവത്തിലുള്ള “അതിവിശുദ്ധ സ്ഥലം,” എന്നാൽ യേശു ദൈവസന്നിധിയിൽ ആണ് ശുശ്രൂഷ ചെയ്യുന്നത്. ഭൂമിയിലെ മഹാപുരോഹിതൻ സ്വർഗ്ഗീയ നിഴലായിരുന്ന, വിശുദ്ധ സ്ഥലത്താണ് ശുശ്രൂഷ ചെയ്തിരുന്നത്. **സത്യം** എന്ന വാക്ക് നിഴൽ നിറവേറിയതായി, യാഥാർത്ഥ്യമായി എന്ന് കാണിക്കുന്നതിനാണ് ഉപയോഗിച്ചിരിക്കുന്നത്. അല്ലാതെ “അസത്യം,” എന്നതിന്റെ വിപരീതമായിട്ടല്ല. സത്യ **കൂടാരം** (*സ്കെനെ*) സ്വർഗ്ഗത്തെ സൂചിപ്പിക്കുന്നു. സമാഗമന കൂടാരം, അല്ലെങ്കിൽ കൂടാരം

യിസ്രായേൽ ഉണ്ടാക്കിയത് ദൈവത്തിന് അവർക്കിടയിൽ വസിപ്പാനുള്ള ഒരു നിഴലായിട്ട് ആയിരുന്നു (വാ. 5). എന്നാൽ പുതിയ നിയമത്തിൽ അത് അനുഗ്രഹമായി തീർന്നു. സ്വർഗ്ഗീയ വിശുദ്ധ സ്ഥലത്തെ വെളിപ്പാട് 8:3–5 ൽ "യാഗപീഠം," എന്ന് പറഞ്ഞിരിക്കുന്നു, വീണ്ടും വെളിപ്പാട് 11:19 ൽ, "ദൈവാലയം" എന്ന് പറഞ്ഞിരിക്കുന്നു. സമാഗമനകൂടാരത്തിന് പകരമായിരുന്നു ദൈവാലയം, എന്നാൽ എബ്രായ ലേഖകൻ ഭൂതകാലത്തിൽ നിന്ന് വർത്തമാന കാലത്തുള്ള "കൂടാരത്തെ" ആണ് എടുത്ത് പറയുന്നത്.

ഈ കൂടാരം **മനുഷ്യരാലല്ല കർത്താവിനാൽ സ്ഥാപിതമായതാണ്**. അത് സഭയുടെ നിർമ്മാണത്തെയാണ് വ്യക്തമാക്കുന്നത്.[4] സഭ പണിതത് മനുഷ്യരല്ല, ക്രിസ്തുവാണ്. സ്വർഗ്ഗത്തെ കുറിച്ച് വിശ്വാസികളോട് പറയേണ്ട ആവശ്യമില്ല, "അത് മനുഷ്യരല്ല മറിച്ച് കർത്താവാണ് പണിതത്." ഇവിടെ താരതമ്യം ചെയ്യുന്നത് മനുഷ്യനിർമ്മിതമായ ഒന്നും ദൈവം നിർമ്മിച്ചതുമായ സ്വർഗ്ഗീയ കൂടാരത്തെയുമാണ്. പുതിയ നിയമത്തിൽ സഭയെ പലപ്പോഴും വിളിച്ചിരിക്കുന്നത് "രാജ്യം" എന്നാണ് (വെളി. 1:9–11). തന്റെ സഭയെന്ന മന്ദിരത്തെ കുറിച്ച് യേശു പറഞ്ഞു (മത്താ. 16:18, 19) പിന്നെ ഉടനെ അതിനെ "രാജ്യം" എന്ന് വിളിച്ചു. അർത്ഥത്തിൽ വ്യത്യാസം ഉണ്ടെങ്കിലും ആ സ്ഥാപനത്തിലെ അംഗത്വം സൂചിപ്പിച്ച് കൊണ്ടാണ് മാറി മാറി ഉപയോഗിച്ചിരിക്കുന്നത് (കൊലൊ. 1:13, 18). "സ' " (*എക്ലെസിൻ*) എന്നത് ദൈവത്തിന്റെ "സഭായോഗം" (ആ വാക്ക് ലൗകീകമായ കൂടി വരവിനെ സൂചിപ്പിച്ച് പ്രവൃത്തികൾ 19:39, 41 ൽ ശരിയായി തർജ്ജമ ചെയ്തിരിക്കുന്നു). അത് ദൈവം സ്ഥാപിച്ചതും ദൈവജ്ഞാനത്താൽ നിലനിർത്തിയിരിക്കുന്നതുമാണ് (എഫെ. 3:10). കൂടാരത്തിന്റെ വിശുദ്ധ സ്ഥലം സഭയുടെ മുൻ നിഴൽ ആണെങ്കിൽ സഭ സ്വർഗ്ഗത്തെ പ്രതിനിധീകരിക്കുന്ന മുൻ നിഴൽ ആകുകയില്ലേ? അതുകൊണ്ടല്ലേ പലപ്പോഴും അതിനെ "സ്വർഗ്ഗ രാജ്യം" എന്ന് വിളിച്ചിരിക്കുന്നത് (മത്തായി എഴുതിയ സുവിശേഷത്തിൽ മുപ്പത്തി-രണ്ട് പ്രാവശ്യം)? സഭയ്ക്ക് സ്വർഗ്ഗത്തോടുള്ള ബന്ധം തന്നെയാണ് സമാഗമന കൂടാരത്തിലെ വിശുദ്ധ സ്ഥലത്തിന് അതി വിശുദ്ധ സ്ഥലത്തോട് ഉണ്ടായിരുന്നത്.

സമാഗമന കൂടാരത്തിലെ മേശയും, ധൂപവർഗ്ഗവും, നിലവിളക്കും സഭയുടെ പരിശീലനവുമായി ബന്ധപ്പെട്ട് ഉള്ളതാണ്. മേശ, സഭയുടെ കർത്തൃമേശയെ അടയാളമാക്കുന്നതായിരിക്കാം. മേശപ്പുറത്ത് വയ്ക്കുന്ന കാഴ്ചയപ്പവും പുരോഹിതന്മാർ ഭക്ഷിക്കുന്നതും, പുതിയ നിയമത്തിൽ ആഴ്ചതോറും ആചരിക്കുന്ന കർത്തൃമേശയെ സൂചിപ്പിക്കുന്നതാകാം (പ്രവൃ. 20:7). അവർ ഉപയോഗിച്ചിരുന്ന ധൂപവർഗ്ഗവും, അതിന്റെ പുക ഉയരുന്നതും, നമ്മുടെ പ്രാർത്ഥനകളും സ്തുതികളും ഗീതങ്ങളും സൂചിപ്പിക്കുന്നതാകാം (എബ്രാ. 13:15 നോക്കുക; വെളി 8:4 മായിട്ടുള്ള ബന്ധവും നോക്കുക). ഏഴ് ശാഖകളുള്ള നിലവിളക്കും വെളിച്ചവും, ദൈവ വചനത്തിന്റെ വെളിച്ചത്തെ പ്രതിനിധാനം ചെയ്യുന്നു (സങ്കീ. 119:105). പുതിയ നിയമം അനുസരിച്ച്, ക്രിസ്ത്യാനി വെളിച്ചമായി സ്വാധീനിക്കേണ്ടത് ദൈവവചന പ്രകാരമുള്ള നടപ്പിനാൽ ആണ് (മത്താ. 5:14; 1 യോഹ. 1:7). 1 കൊരിന്ത്യർ 3:16 ൽ ക്രിസ്ത്യാനികളെ ദൈവത്തിന്റെ മന്ദിരം (വാസസ്ഥലം) എന്ന് പറഞ്ഞിരിക്കുന്നു. അതുകൊണ്ട് സഭ "സത്യ കൂടാരം," അല്ലെങ്കിൽ ദൈവത്തിന്റെ വാസസ്ഥലം എന്നാൽ സമാഗമന കൂടാരം ഒരു നിഴൽ ആയിരുന്നു.

**എന്തെങ്കിലും നൽകുവാൻ കഴിവുള്ള ഒരു പുരോഹിതൻ (8:3, 4)**

**[3]ഏതു മഹാപുരോഹിതനും വഴിപാടും യാഗവും അർപ്പിപ്പാൻ നിയമിക്കപ്പെടുന്നു. ആകയാൽ അർപ്പിപ്പാൻ ഇവനും വല്ലതും വേണം; അവൻ ഭൂമിയിൽ ആയിരുന്നെങ്കിൽ പുരോഹിതൻ ആകയില്ലായിരുന്നു. ന്യായപ്രമാണപ്രകാരം വഴിപാട് അർപ്പിക്കുന്നവർ ഉണ്ടല്ലൊ.**

**വാക്യം 3.** ആവശ്യപ്പെടുന്ന യാഗങ്ങൾ അർപ്പിച്ച് ആളുകളുടെ പാപങ്ങളെ കൈകാര്യം ചെയ്യുക എന്നതായിരുന്നു പുരോഹിതന്മാർ ചെയ്തിരുന്നത് എന്നാണ് എബ്രായർ 5:1 പറയുന്നത്. എങ്ങനെയായാലും, ആ പ്രവൃത്തി ചെയ്യുവാനായി **നിയമിക്കപ്പെടുന്നത് വഴിപാടും യാഗവും അർപ്പിക്കുവാനാണ്**. നമ്മുടെ മഹാപുരോഹിതൻ എപ്പോഴാണ് വഴിപാട് അർപ്പിച്ചത് എന്ന് കൃത്യമായി പിന്നീട് പറയുന്നു (9:14); അത് വിശദമാക്കുന്നതിനു മുൻപ് തന്നെ ലേഖൻ അതിനോട് താൽപര്യം ജനിപ്പിക്കുന്ന വിധത്തിലാണ് തുടങ്ങുന്നത്. ഭൗമികമായി യേശുവിന് യാഗം അർപ്പിക്കുവാനുള്ള സ്ഥാനം ഇല്ലായിരുന്നു കാരണം ഭൂമിയിലെ വിശുദ്ധസ്ഥലത്ത് (ദൈവാലയം) **യാഗം കഴിക്കുവാൻ** ന്യായപ്രമാണം അനുസരിച്ച് പുരോഹിതന്മാർ അന്ന് ഉണ്ടായിരുന്നു (വാ. 4; 7:12–14 നോക്കുക). യേശു തന്റെ ഭൂമിയിലെ ശുശ്രൂഷക്കാലത്ത് എന്തുകൊണ്ട്, പൗരോഹിത്യ ശുശ്രൂഷ ചെയ്തില്ല എന്ന് വിശദീകരിക്കുന്നതാണ് ഈ [വാക്യം]."[5] ഒരു സമയത്ത് ഒരു പൗരോഹിത്യ വ്യവസ്ഥയാണ് ദൈവം അനുവദിച്ചിരുന്നത്; ഒരു നിയമത്തിൻ കീഴിൽ രണ്ട് പൗരോഹിത്യ പ്രവൃത്തികൾ ചെയ്യുവാൻ ദൈവം അനുവദിക്കുന്നില്ല. അതുപോലെ, ഒരു സമയത്ത് രണ്ട് നിയമങ്ങൾ ആളുകൾ അനുസരിക്കുവാൻ ദൈവം നൽകുന്നുമില്ല. ദൈവത്തിന്റെ നിശബ്ദതയെ സംബന്ധിച്ചും അത് വാസ്തവമാണ് (7:13, 14).

**വാക്യം 4. അവൻ ഭൂമിയിൽ ആയിരുന്നു എങ്കിൽ പുരോഹിതൻ ആകയില്ലായിരുന്നു.** അവൻ ശുശ്രൂഷ ചെയ്യുന്നത് സ്വർഗത്തിലാണ്, അവന്റെ ശ്രേഷ്ഠതയുടെ മറ്റൊരു വ്യത്യാസം ആണ് അത്. അവൻ ലേവ്യാ വംശത്തിൽനിന്നോ അഹരോന്റെ കുടുംബത്തിൽനിന്നോ വരാത്തതിനാൽ (7:14), പൗരോഹിത്യത്തെ സംബന്ധിച്ച് അവൻ വെറും "സാധാരണക്കാരൻ" മാത്രം ആയിരുന്നു. സ്വർഗീയമായ വിശുദ്ധസ്ഥലത്ത് ശുശ്രൂഷ ചെയ്യുന്നയാൾ, ഭൗമിക പുരോഹിതനായി ശുശ്രൂഷ ചെയ്തിരുന്നവനേക്കാൾ വലിയവൻ.[6] ഇനി ഒരിക്കലും ദൈവം വസിക്കുന്ന ഭൗമിക വിശുദ്ധസ്ഥലം ഇല്ല.

യേശുവിന്റെ യാഗം ക്രൂശിലാണ് അർപ്പിച്ചതെങ്കിൽ, അവന്റെ വഴിപാട് സ്വർഗത്തിലാണ് അർപ്പിച്ചത്. **ന്യായപ്രമാണ പ്രകാരം** യേശുവിന് ഭൂമിയിൽ **വഴിപാടോ യാഗമോ** [അർപ്പിക്കുവാൻ] കഴിയുമായിരുന്നില്ല. അതുകൊണ്ട്, ക്രിസ്തു സ്വർഗത്തിൽ മടങ്ങിയെത്തുന്നതുവരെ സഭ/രാജ്യം സ്ഥാപിച്ചിരുന്നില്ല. അതുവരെ മനുഷ്യരെ വീണ്ടെടുക്കുവാനുള്ള പദ്ധതി പൂർത്തിയാക്കിയിട്ടുമില്ലായിരുന്നു (എഫെ. 5:25). അതിനർത്ഥം (ഫിലിപ്സ് സമാന്തരപ്രയോഗം നടത്തിയതുപോലെ) അവൻ ഇപ്പോഴും വഴിപാട് അർപ്പിച്ചുകൊണ്ടിരിക്കുന്നു എന്നല്ല; അവൻ അത് ഒരിക്കൽ എന്നേക്കുമായിട്ടാണ് ചെയ്തത് (7:27; 9:28). ആ വഴിപാടിന്റെ അനന്തരഫലമാണ് അവന്റെ രക്തത്താലുള്ള തുടർച്ചയായ ശുദ്ധീകരണം നമുക്ക് ലഭിക്കുന്നത് (1 യോഹ. 1:7). ക്രിസ്തു മുഖാന്തരം ദൈവത്തോട് അടുക്കുന്നവരെ തുടർച്ചയായി രക്ഷിക്കുവാൻ കാലാന്തരത്തോളം

ശക്തിയുണ്ട് (7:25).

യാഗം കഴിക്കുവാൻ പുരോഹിതന്മാർക്ക് മാത്രമാണ് അവകാശം ഉള്ളത് എന്ന് പ്രത്യേകം ശ്രദ്ധിക്കുക. യേശു ഒരിക്കലായി പാപങ്ങൾക്ക് വേണ്ടി പ്രായശ്ചിത്തം ചെയ്തതിനാൽ, മറ്റൊരു പുരോഹിതന് ഇനി അങ്ങനെ ചെയ്യുവാൻ സാധ്യമല്ല. കൂടാതെ അതിനു പുറമെ മറ്റു വഴിപാടുകൾ അനാവശ്യമാണ്. ഇന്ന് നമുക്ക് ചെയ്യുവാൻ കഴിയുന്ന യാഗം നമ്മുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയുമുള്ള യാഗമായി ദൈവത്തിന് സമർപ്പിക്കുക എന്നതാണ് (റോമർ. 12:1, 2).

**മാതൃകപ്രകാരമുള്ള ഒരു പുരോഹിതൻ (8:5)**

**5കൂടാരം തീർപ്പാൻ മോശെ ആരംഭിച്ചപ്പോൾ 'പർവ്വതത്തിൽ നിനക്ക് കാണിച്ച മാതൃകപ്രകാരം നീ സകലവും ചെയ്യുവാൻ നോക്കുക' എന്ന് അവനോട് അരുളിച്ചെയ്തതുപോലെ അവർ സ്വർഗീയത്തിന്റെ ദൃഷ്ടാന്തവും നിഴലുമായതിൽ ശുശ്രൂഷ ചെയ്യുന്നു.**

**വാക്യം 5. സ്വർഗീയമായവയുടെ നിഴലിലും ദൃഷ്ടാന്തത്തിലും** ആയിരുന്നു ലേവ്യാ പുരോഹിതന്മാർ ശുശ്രൂഷ ചെയ്[തത്]. ന്യായപ്രമാണം മുറുകെ പിടിച്ച അവർ എളുപ്പം നശിക്കുന്നതും കുറഞ്ഞതുമായ കാര്യങ്ങളിലായിരുന്നു ആശ്രയിച്ചിരുന്നത്. സ്വർഗത്തിലെ ദൈവത്തി[ന്റെ] സ്ഥാനത്തിന്റെ ഒരു പതിപ്പായിരുന്നു, ഒരർത്ഥത്തിൽ മോശെക്ക് ദൈവം സിനായ് പർവ്വതത്തിൽ വെച്ച് കാണിച്ചു കൊടുത്തത്. ഭൂമിയിലുള്ള ഒന്ന് "പകർപ്പും" യഥാർതത്ഥത്തിലുള്ള ലോകം മുകളിലുമായി രണ്ട് ലോകം ഉള്ളതുപോലെയാണ് ലേഖകൻ പറയുന്നത്. ഒരു "നിഴൽ" എന്നു പറയുന്നത് പൊള്ളയായതും ബാഹ്യരൂപവുമാണ്, അല്ലാതെ യഥാർത്ഥത്തിലുള്ളതല്ല. ന്യായപ്രമാണത്തെ കുറിച്ച് പൗലൊസ് അങ്ങനെ കൊലൊസ്യർ 2:16, 17 ൽ പറഞ്ഞിരിക്കുന്നു (കൂടാതെ 10:1, 2 നോക്കുക). ശബ്ബത്തടക്കം ന്യായപ്രമാണത്തിലുള്ളവയെല്ലാം, വരുവാനുള്ളവയുടെ നിഴൽ ആയിരുന്നു. ചിലർ "നിഴൽ" എന്നു പറഞ്ഞിരിക്കുന്നത് "ആഘോഷനിയമങ്ങളാണ്" എന്ന് പരിമിതപ്പെടുത്തിയിരിക്കുന്നു. അവർ അതിനെ "ചടങ്ങുകൾ" എന്ന് വേർതിരിച്ച് വിശദീകരിക്കുന്നു. പക്ഷെ തിരുവെഴുത്തിൽ അത്തരം വേർതിരിവ് ഇല്ല. ഒരുപക്ഷെ, രണ്ട് വാക്കുകൾ ഒരുമിച്ച് ചേർന്ന്, "സ്വർഗീയമായവയുടെ പൊള്ളയായ പകർപ്പ് എന്നാക്കിയത് ആകാം."[7]

മോശെ നൽകിയ **മാതൃക അനുസരിച്ചായിരുന്നു** യിസ്രായേൽമക്കൾ **സമാഗമന കൂടാരം** പണിയേണ്ടിയിരുന്നത് (പുറ. 25:40). സൂചനയനുസരിച്ച്, ഇങ്ങനെയായിരുന്നു അവർ ദൈവാലയവും പണിയേണ്ടിയിരുന്നത്. ഇതേ ആശയം വ്യക്തമാക്കി പ്രവൃത്തികൾ 7:44 ൽ, സ്തെഫാനൊസും "മാതൃക" *ടുപോസ്*, ഉപയോഗിച്ചു, അർത്ഥം, "ടൈപ്പ്," "ഉദാഹരണം."[8] സമാഗമന കൂടാരം ഉണ്ടാക്കുവാൻ ശ്രമിച്ച മോശെക്ക് അതിനെ ഏറ്റവും നന്നാക്കി പണിയുന്നതിന് തീരുമാനം എടുക്കുവാനുള്ള അവകാശം ഇല്ലായിരുന്നു. ദൈവത്തിന്റെ പുതിയ ആലയമായ സഭയിലേക്ക് പ്രവേശിക്കുന്നതിനുള്ള അംഗത്വത്തിനോ, അല്ലെങ്കിൽ ആരാധനക്കോ പുതിയനിയമത്തിൻ കീഴിലുള്ള ആർക്കെങ്കിലും മാറ്റം വരുത്തുവാൻ അവകാശം നൽകിയിട്ടുണ്ടോ? ഇല്ല എന്നതാണ് ഉത്തരം. എബ്രായർ 2:1–3 വരെ അതിനുള്ള ഉത്തരം നൽകുന്നു, "നാം അധികം

ശ്രദ്ധയോടെ കരുതിക്കൊള്ളണം.'' പെട്ടകം ഉണ്ടാക്കുവാൻ നോഹക്ക് നിയന്ത്രണ നിർദ്ദേശങ്ങൾ നൽകി. അവൻ അത് പൂർണ്ണമായും അനുസരിച്ചു. പുതിയ നിയമത്തിൽ കർശനമായ കൽപനകളെല്ലാം അപ്രകാരം അനുസരിക്കണം എന്നു പറയുമ്പോൾ, "പുതിയനിയമം ഒരു നിയമപുസ്തകം അല്ല, പ്രത്യേക മാതൃകയില്ലാത്ത സ്നേഹത്തിന്റെ പുസ്തകമാണ്" എന്ന് തിരിച്ചു പറയുന്നതു കേൾക്കാം. തീർച്ചയായും ദൈവ വചനം എഴുതിയിരിക്കുന്നത് നിയമാവലികളും ചോദ്യങ്ങളും ഉത്തരങ്ങളും എന്ന രീതിയിൽ അല്ല. നേരെ മറിച്ച്, അത് പ്രസ്താവനകളും, പദ്യങ്ങളും, ആലങ്കാരിക സന്ദേശങ്ങളും അടങ്ങുന്ന മനോഹരമായ സാഹിത്യരചനയാണ്. അപ്പോഴും പുതിയ നിയമം ശ്രദ്ധയോടെ വായിക്കുന്ന ആർക്കും അതിൽ നിർദ്ദേശങ്ങൾ അഥവാ "നിയമങ്ങൾ" ഇല്ല എന്നു പറയുവാൻ സാധ്യമല്ല.[9] ജിമ്മി അലെൻ ശരിയായി പറഞ്ഞു,"ഒരു പ്രത്യേക വിഷയത്തെ കുറിച്ച് പുതിയ നിയമത്തിൽ പറഞ്ഞിട്ടുള്ളതെല്ലാമാണ് ഇന്നത്തെ മാതൃക."[10]

മോശെയെ **മുന്നറിയിച്ചു** (*ക്രെമാറ്റിസോ*) എന്നതിനെ "ദൈവികമായി പ്രബോധിപ്പിച്ചു" എന്നും പറയാം. എൻകെജെവിയിൽ "ദൈവികമായി മുന്നറിയിച്ചു എന്ന വാക്കാണ് മത്തായി 2:12 ലും, എബ്രായർ 11:7 ലും, "ദൈവികമായി നിർദ്ദേശിച്ചു" എന്നാണ് പ്രവൃത്തികൾ 10:22 ൽ. **മാതൃക** "അനുസരിച്ച്" എന്ന് പറഞ്ഞപ്പോൾ, മോശെക്ക് പർവ്വതത്തിൽ വെച്ച്, ഒരു പദ്ധതി നൽകിയിരുന്നു എന്നു സ്പഷ്ടം. "മാതൃക" (*ടുപോസ്*) എന്നതിന്റെ പ്രാരംഭ അർത്ഥം "ഒരു ഊതൽ," "ഊതലിന്റെ ഫലം."[11] ഒരു അച്ച്കൊണ്ട് പ്രതിബിംബം ഉണ്ടാക്കുന്ന രീതിയാണ് സൂചിപ്പിക്കുന്നത്. കുട്ടികൾ അവരുടെ മാതാപിതാക്കളുടെ *ടുപോയി* (*ടുപോ*യുടെ ബഹുവചനം, അല്ലെങ്കിൽ "ടൈപ്പ്") ആണെന്ന് പറയും. മോശെക്ക് കോടുത്ത മാതൃക കണ്ണുകൾക്ക് കാണാവുന്നതായിരുന്നു (പുറ. 25:40). "വിശുദ്ധ സ്ഥലത്തിന്റെ മോഡെൽ ആയ ... മുൻപ് സ്വർഗത്തിൽ ഉള്ള ഒന്നിന്റെ പകർ[പ്പ്]" ആയിട്ടായിരിക്കാം അവൻ കണ്ടത്.[12] "കുറ്റമറ്റതായി പണിയുവാൻ, [ഭൗതികമല്ലാത്ത] ഒരു മാതൃക മോശെയുടെ ഉള്ളിൽ പതിഞ്ഞു" എന്നാണ് ഫിലോ അഭിപ്രായപ്പെട്ടത്."[13] സമാഗമനകൂടാരത്തെ കുറിച്ചുള്ള ആത്മികമായ പ്രാധാന്യം മനസിലാക്കിയാൽ സ്വർഗം എങ്ങനെയിരിക്കും എന്നു നമുക്ക് തിരിച്ചറിയാം. സ്വർഗത്തിലെ ദൈവത്തിന്റെ മാതൃക, ബാഹ്യമായ ഒരു രൂപം കണ്ടതുപോലെയായിരുന്നു, മോശെ സമാഗമന കുടാരം ഉണ്ടാക്കിയത്. അപ്പോൾ അത് സഭ എങ്ങനെയായിരിക്കും എന്നതിന്റെ അടയാളം ആയിരുന്നു, അത് സ്വർഗം എങ്ങനെയിരിക്കും എന്നതിന്റെ ഒരു നിഴൽ ആയിരുന്നു. സഭയെ വിവരിക്കുമ്പോൾ, അത് ഒരു ഭൗതിക കെട്ടിടത്തോട് തുലനം ചെയ്ത് പറഞ്ഞില്ല. ഭൂമിയിലെ സഭ "സ്വർഗീയ സ്ഥാനം" ആണ്, ഇപ്പോൾ നമ്മെ അവിടെ"അവനോടുകൂടെ ... ഇരുത്തിയിരിക്കുന്നു" (എഫെ. 1:3; 2:6; എബ്രാ. 9:23).

### അവന്റെ പുതിയ നിയമം (8:6-13)

യേശു എല്ലാ നിയമത്തേക്കാളും ശ്രേഷ്ഠമായ പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥൻ ആകയാൽ അവന്റെ ശുശ്രൂഷ എല്ലാ ശുശ്രൂഷകളേക്കാളും ഉയർന്നതാകുന്നു. "സ്വർഗീയമായവയുടെ നിഴൽ അല്ലെങ്കിൽ പതിപ്പ് മാത്രമായിരുന്നു പഴയ നിയമം." അത് ദൈവം രൂപപ്പെടുത്തിയതും ആധികാരികവും ആയിരുന്നു, എന്നാൽ അതിന്റെ മുഖ്യ ഉദ്ദേശം ക്രിസ്തുവിന്റെ മരണത്താൽ

സ്ഥാപിതമാകുവാനിരുന്ന പുതിയനിയമത്തിലേക്ക് നയിക്കുന്ന ഒന്നായിരുന്നു.

പുതിയ നിയമത്തിന്റെ പ്രാഥമികമായ സ്വഭാവ വിശേഷതകൾ നമുക്ക് എബ്രായർ 8:6–13 നൽകുന്നു.

**വിശേഷതയേറിയ വാഗ്ദാനങ്ങൾ ഉള്ള ഒരു നിയമം (8:6, 7)**

**6 അവനോ വിശേഷതയേറിയ വാഗ്ദത്തങ്ങളിന്മേൽ സ്ഥാപിക്കപ്പെട്ട നിയമത്തിന്റെ മധ്യസ്ഥൻ ആകയാൽ. അതിന്റെ വിശേഷതക്ക് ഒത്തവണ്ണം വിശേഷതയേറിയ ശുശ്രൂഷയും പ്രാപിച്ചിരിക്കുന്നു.**

**7 ഒന്നാമത്തെ നിയമം കുറവില്ലാത്തത് ആയിരുന്നു എങ്കിൽ രണ്ടാമത്തേതിന് ഇടം അന്വേഷിക്കയില്ലായിരുന്നു.**

**വാക്യം 6**. ഒന്ന്, പുതിയ **നിയമത്തിന് വിശേഷതയേറിയ വാഗ്ദത്തങ്ങളാണ്** ഉള്ളത്. ഈ വാക്യം പ്രത്യേക പ്രാധാന്യമുള്ളതാണ്, കാരണം അതിൽ എബ്രായ ലേഖനത്തിലെ മുഖ്യവിഷയങ്ങളിൽ ഒന്ന് ഉൾപ്പെട്ടിരിക്കുന്നു: പഴയ നിയമത്തിന് പകരം യേശുക്രിസ്തുവിന്റെ രക്തത്താൽ "പുതിയ നിയമം" സ്ഥാപിച്ചു, അതു പറയുവാൻ ലേഖകൻ പഴയനിയമത്തിലെ യിരെമ്യാവ് 31:31, 34 മാത്രം ഉദ്ധരിച്ചിരിക്കയാണ്.

"വിശേഷതയേറിയ വാഗ്ദത്തങ്ങൾ" അടങ്ങിയ ഒരു "ശ്രേഷ്ഠ നിയമമാണ്" നമ്മുടെ മധ്യസ്ഥനായ ക്രിസ്തു നമുക്ക് നൽകിയത്. ആദ്യ നിയമത്തിലെ മൃഗയാഗങ്ങളേക്കാൾ ഉന്നതമായ ജീവൻ നൽകിയാണ് അവൻ അത് പ്രാബല്യത്തിൽ വരുത്തിയത്. യുക്തിപരമായ വാദവും തിരുവെഴുത്തും ആണ് കർത്താവ് **വിശേഷതയേറിയ നിയമത്തിന്റെ മധ്യസ്ഥൻ** ആണെന്നതിന് ലേഖകൻ തെളിവ് നൽകുന്നത്. കെജെവിയിൽ "ഉടമ്പടി" എന്നത് "നിയമം" എന്നാണ് എബ്രായർ 9:16, 17 ലും മത്തായി 26:28 ലും. ആ വേദഭാഗത്തിൽ നിന്നാണ് "പുതിയ നിയമം" എന്ന തലക്കെട്ട് നമുക്ക് ലഭിച്ചിരിക്കുന്നത്. "പുതിയ" ഉടമ്പടി അല്ലെങ്കിൽ "നിയമം" എന്ന ആശയം വന്നിരിക്കുന്നത് യിരെമ്മ്യാവ് 31 ന്റെ പശ്ചാത്തലത്തിൽ നിന്നാണ്.

"മധ്യസ്ഥൻ" (*മെസിറ്റസ്*) എന്ന വാക്ക് ഒന്നാം നൂറ്റാണ്ടിൽ വ്യവസായികൾ ഉപയോഗിച്ചിരുന്നത് രണ്ട് പേർക്ക് "ഇടയിൽ നിൽക്കുന്നവൻ' " എന്ന അർത്ഥത്തിലാണ്. അത്തരം ഒരാൾ ഒരു ഇട-നിലക്കാരനായിട്ടാണ് പ്രവർത്തിച്ചിരുന്നത്.[14] പഴയ നിയമത്തിൽ മോശെ ഒരു മധ്യസ്ഥൻ ആയിരുന്നു (ഗലാ. 3:19), എന്നാൽ ഇപ്പോൾ നമ്മുടെ മധ്യസ്ഥൻ ക്രരിസ്തു ആണ് (1 തിമൊ. 2:5). വിശുദ്ധന്മാർ, മറിയ, ദൂതന്മാർ അല്ലെങ്കിൽ, മറ്റാരിൽകൂടെയും പിതാവിന്റെ അടുക്കൽ പോകുവാൻ സാധ്യമല്ല!

**വാക്യം 7**. പൂർണ്ണമായ പാപമോചനമുള്ള (വാ. 5) പുതിയ നിയമ സഭയിൽ ക്രിസ്തു "സ്വർഗീയമായവയുടെ" ശുശ്രൂഷകനാണ്. **പഴയ നിയമത്തിന്** പാപത്തെ കുറിച്ച് ധാരാളം പറയുവാനുണ്ട്, എന്നാൽ അതിന് യഥാർത്ഥത്തിൽ മുഴുവൻ പാപമോചനം നൽകുവാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ടാണ് ന്യായപ്രമാണം **ബലഹീനമായിരുന്നു** എന്നു പറയുവാൻ കാരണം (റോമ. 8:3). "കൂടുതൽ ശ്രേഷ്ഠമായ" ശുശ്രൂഷയാണ് യേശു നൽകുന്നത്. ആ പുരോഗതി റോമർ 8:8–12 ൽ വിവരിച്ചിരിക്കുന്നു. പുതിയത് പാപത്തിൽ നിന്ന് യഥാർത്ഥ മോചനം നൽകുന്നു, എന്നാൽ പഴയനിയമം ചടങ്ങുകളാലുള്ള

ശുദ്ധീകരണമാണ് കരുതുന്നത്. പഴയ നിയമത്തിലെ വാഗ്ദാനങ്ങൾ ഈ ജീവിതത്തിനുള്ളതായിരുന്നു എങ്കിൽ, പുതിയനിയമത്തിലേത് ഭാവി ജീവിതത്തിനുള്ളതാണ്. പഴയ നിയമം അനുസരിക്കുന്നവർക്ക് ദേശത്ത് ദീർഘായുസോടെ വസിച്ച്, എണ്ണത്തിൽ വർദ്ധനവും, സമൃദ്ധമായ വിളവും, ദേശിയ നേട്ടവും, സമാധാനവും, സമ്പത്തും ലഭിക്കുമായിരുന്നു. എല്ലാറ്റിലുമുപരി, പുതിയ നിയമം അനുസരിക്കുന്നവർക്ക് നിത്യജീവൻ ആണ് വാഗ്ദാനം ചെയ്തിരിക്കുന്നത്, പഴയ നിയമത്തിൽ അതിന്റെ സൂചന മാത്രമാണ് നൽകിയിരുന്നത്. പഴയ നിയമം "കുറവില്ലാത്തതായിരുന്നു" എങ്കിൽ, പുതിയതും ശ്രേഷ്ഠവുമായ നിയമം നമുക്ക് വേണ്ടി വരികയില്ലായിരുന്നു.

**നിലനിൽക്കാതിരുന്നതിന് വിപരീതമായ ഒരു നിയമം (8:8, 9)**

**8അവരെ ആക്ഷേപിച്ചുകൊണ്ട് അരുളിച്ചെയ്യുന്നത്,**

**"ഞാൻ യിസ്രായേൽ ഗൃഹത്തോടും യെഹൂദാ ഗൃഹത്തോടും പുതിയൊരു നിയമം ചെയ്യുന്ന കാലം വരും എന്നു കർത്താവിന്റെ അരുളപ്പാട്.**

**9ഞാൻ അവരുടെ പിതാക്കന്മാരെ കൈക്കു പിടിച്ചു മിസ്രയിം ദേശത്തുനിന്നു കൊണ്ടുവന്ന നാളിൽ ഞാൻ അവരോട് ചെയ്ത നിയമം പോലെ അല്ല; അവർ എന്റെ നിയമത്തിൽ നിലനിന്നില്ല. ഞാൻ അവരെ ആദരിച്ചതുമില്ല എന്ന് കർത്താവിന്റെ അരുളപ്പാട്."**

**വാക്യം 8.** രണ്ട്, ഈ **പുതിയ നിയമം** ദൈവജനം നില നിൽക്കാതിരുന്ന പഴയ നിയമത്തിൽനിന്നു വ്യത്യസ്തമാണ്. അവരുടെ തിരുവെഴുത്തിൽ നിന്നു തന്നെയുള്ള ഒരു ഉദ്ധരണി നൽകുന്നതിനേക്കാൾ യെഹൂദ വിശ്വാസികളെ ബോധ്യമാക്കുവാൻ വലിയ തെളിവ് എന്താണ് വേണ്ടത്. സിനായ് പർവ്വതത്തിൽ വെച്ച് ദൈവം നൽകിയ നിയമത്തെ യിസ്രായേൽ തള്ളിക്കളഞ്ഞ കാഴ്ച്ച യിരെമ്യാവ് കണ്ടിരുന്നു. ആ നിയമത്തെ അവർ തള്ളിക്കളഞ്ഞതുകൊണ്ടാണ് യിസ്രായേലിന് ഒരു ദേശമായി അറിയപ്പെടാതിരിക്കുവാനുള്ള പ്രാഥമിക കാരണമായി അവൻ പറഞ്ഞത്. തീർച്ചയായും തികവില്ലാതിരിക്കുന്നതിനു വേണ്ടിയാണ് ആ നിയമം ദൈവം രൂപപ്പെടുത്തിയത്; അതിന്റെ പോരായ്മ അവൻ മുന്നറിയിക്കയും ചെയ്തിരുന്നു; പുരാതന യിസ്രായേലിന്റെ കുറവും അവൻ കണ്ടെത്തിയിരുന്നു.

**യിസ്രായേൽ** ഗൃഹത്തിനും **യെഹൂദാ** ഗൃഹത്തിനും ഒരേ പുതിയ നിയമമാണ് നൽകിയത്; അവർ വീണ്ടും ഏക ശരീരത്തിലെ ആളുകളായി തീരണമായിരുന്നു. ഏക ശരീരമായ സഭ സ്ഥാപിച്ചപ്പോൾ, അത് സംഭവിച്ചു (എഫെ. 2:14–16). ദൈവം ഭിന്നത ആഗ്രഹിക്കുന്നില്ല; എല്ലാവരും അവന്റെ ഏകശരീരത്തിൽ ഒന്നാകുവാനാണ് അവൻ ആഗ്രഹിക്കുന്നത് (എഫെ. 1:22, 23), അത് "ആത്മിയ യിസ്രായേൽ" ആണ് (ഗലാ. 6:16). ലോകം പരിവർത്തനം ചെയ്യാതിരിക്കുവാൻ സാത്താൻ ആളുകളെ തമ്മിൽ കൈപ്പും വിദ്വേഷവും ജനിപ്പിച്ച് അകറ്റുമെന്ന് ദൈവത്തിനറിയാം (യോഹ. 17:20, 21 നോക്കുക). എല്ലാ ദ്വന്ദ്വപക്ഷവും ഭിന്നതയും ഒഴിവാക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ് പുതിയ നിയമം.[15] പഴയനിയമത്തിന് ബലഹീനതയുണ്ടായിരുന്നതിനാലാണ്, പുതിയ നിയമം മുന്നറിയിച്ചത്; പഴയ നിയമം തികവുള്ളതായിരുന്നു എങ്കിൽ പുതിയ നിയമം നൽകേണ്ട ആവശ്യം വരുന്നില്ല.

അതിന്റെ ആരംഭ ഉറവിടം-കർത്താവ് എന്നു പറയുന്നതിന് പകരം യിരെമ്യാവിന്റെ ഉദ്ധരണി ഉപയോഗിച്ചാണ് പുതിയ നിയമം വാഗ്ദാനം ചെയ്തതെന്ന വസ്തുത വാക്യം 8 വായിക്കുമ്പോഴാണ് നാം കാണുന്നത്. അവൻ പറയുന്നു എന്നത് മൂല ഗ്രീക്കിൽ പ്രത്യേകമായി കാണുന്നില്ല, എന്നാൽ എഴുത്തുകാരൻ സാധാരണ, സംസാരിക്കുന്നത് ദൈവമാണെന്ന് എടുത്തു കാണിക്കും. ബാബേൽ പ്രവാസ കാലത്ത് യെഹൂദ നിഷ്ഠൂര വാഴ്ച്ചയാലുള്ള കഷ്ടത അനുഭവിച്ചുകൊണ്ടിരുന്ന സമയത്തായിരുന്നു എബ്രായർ 8:8–12 ൽ ഉദ്ധരിച്ച യിരെമ്യാവ് 31:31–34 ലെ പ്രവചനം നടത്തിയത്. തങ്ങളുടെ സ്വദേശത്തേക്ക് അവർക്ക് തിരിച്ചു പോകുവാൻ കഴിയുമോ എന്ന് ആളുകൾ സംശയിച്ചിരുന്നു. അവർക്ക് പ്രത്യാശ നഷ്ടപ്പെട്ടിരുന്നു (യിരെ. 31:17); എന്നാൽ അവർ സ്വദേശത്തേക്ക് മടങ്ങുക മാത്രമല്ല, അവർക്ക് ഒരു പുതിയ നിയമവും ലഭിച്ചു.

യിരെമ്യാവ് തിരിച്ചറിയുകയും, യോശിയാ രാജാവ് പോലും ന്യായപ്രമാണത്തെ യഥാസ്ഥാനപ്പെടുത്തുവാൻ സമർപ്പിക്കുകയും ചെയ്തു (2 രാജാ. 23:3), ആളുകൾ അവന്റെ നീതിയുള്ള മാതൃക പിൻപറ്റിയില്ല (യിരെ. 3:6–10). ദേശിയ മാനസാന്തരം ഇല്ലാതെ വന്നപ്പോൾ, ആളുകളെ വ്യത്യസ്തമായ രീതിയിൽ കൈകാര്യം ചെയ്യുന്ന പുതിയ നിയമത്തിന് വഴി ഒരുക്കി. ന്യായപ്രമാണത്തിൽ തന്നെ അതിന്റെ ബലഹീനതയെ ദൈവം ഉൾപ്പെടുത്തിയിരുന്നു (റോമ. 8:3); അതുകൊണ്ട്, യെഹൂദന്മാരുടെ ചരിത്രം തന്നെ ന്യായപ്രമാണം അനുശാസിക്കുന്ന തികവ് കൈവരിക്കുവാൻ കഴിയാതിരുന്നു എന്നു കാണിക്കുന്നതാണ്.

പുതിയ നിയമം "യിസ്രായേൽ ഗൃഹത്തിനും," "യെഹൂദാ ഗൃഹത്തിനും" ഉള്ളതായിരിക്കുമെന്നാണ് പറഞ്ഞത്. ബൈബിൾപരമായി "യിസ്രായേലിനെ" നാല് തരത്തിലാണ് പ്രായോഗികമാക്കിയിരിക്കുന്നത്:[16]

1. ദൈവത്തിന്റെ പ്രഭുവായി യാക്കോബിനെ (ഉല്. 32:28).
2. യാക്കൊബിന്റെ പിൻഗാമികളെ എല്ലാം (പുറ. 4:22).
3. മടങ്ങി വന്ന യെരോബെയാമിന്റെ കീഴിലെ പത്തു ഗോത്രങ്ങളെ (1 രാജാ. 12:19, 20).
4. പുതിയ നിയമത്തിൻകീഴിലുള്ള എല്ലാ ക്രിസ്ത്യാനികളെയും (ഗലാ. 6:16). ഈ നിയമം നൽകിയത് എല്ലാ യിസ്രേയേലിനുമാണ് (എല്ലാ യെഹൂദന്മാർക്കും), എന്നാൽ അത് സ്വീകരിക്കുന്ന ഏതു ദേശക്കാർക്കും വർഗക്കാർക്കും ഉള്ളതാണ്.

"യിസ്രായേൽ ഗൃഹം" പുതിയ നിയമത്തിൻ കീഴിൽ "ദൈവത്തിന്റെ യിസ്രായേൽ" ആയി മാറി (ഗലാ. 6:16). എബ്രായ ലേഖനത്തിൽ പറഞ്ഞിട്ടില്ലെങ്കിലും പുതിയ നിയമം സകല മനുഷ്യർക്കും ഉള്ളതാണ്. അപ്പോഴും ക്രിസ്ത്യാനികളായി തീർന്ന യെഹൂദന്മാരിൽ ചിലർ ദുരഭിമാനികൾ ആയിരുന്നു എന്ന് ലേഖകന് അറിയാം എന്നതായിരിക്കാം കാരണം. താൻ ചിന്തുവാനിരിക്കുന്ന രക്തം പുതിയ നിയമത്തിനുള്ളതാണെന്ന് യേശു പറഞ്ഞിരുന്നു (മത്താ. 26:28). അത് ലോകം മുഴുവൻ പ്രസംഗിക്കേണ്ടതാണെന്ന് അവൻ പിന്നീട് പറഞ്ഞു (ലൂക്കൊ. 24:46, 47; മർ. 16:15; മത്താ. 28:18–20).

"യെഹൂദാ" എന്നതിന്റെ അർത്ഥം "പുകഴ്ത്തുക," അല്ലെങ്കിൽ "അവൻ പ്രശംസിക്കപ്പെടും." ആദ്യം അത് ലേയയാൽ യാക്കൊബിന്റെ മകന് സംഭവിച്ചു

(ഉല്. 29:35); പിന്നെ എല്ലാ പിൻഗാമികൾക്കും അല്ലെങ്കിൽ അവന്റെ ഗോത്രക്കാർക്കും (സംഖ്യാ. 1:7); പിന്നീട് രെഹൊബെയാമിനെ പിൻപറ്റിയവരിൽ–യെഹൂദാ, ബെന്യാമീൻ, ശിമെയോനിൽനിന്നും ദാനിൽനിന്നും ഉള്ള ചിലരിലും സംഭവിച്ചു. പ്രവാസത്തിന് ശേഷം, "യെഹൂദൻ" ("യെഹൂദാ"യിൽ നിന്നു വന്നതാണ്) എന്ന പേർ യിസ്രായേലിലെ ഏതു ഗോത്രത്തിൽപെട്ടവനെയും യെഹൂദ മതാനുസാരിയെയും വിളിക്കുവാൻ തുടങ്ങി. പൗലൊസ് ക്രിസ്ത്യാനികളെയും ആ പേരെടുത്ത് വിളിച്ചിരുന്നു (റോമ. 2:29). യിരെമ്യാവിന്റെ പ്രവചനത്തിലെ ആ പ്രയോഗം അവന്റെ കൽപന അനുസരിച്ച്, അവനോടുള്ള ബന്ധത്തിൽ പുതിയ നിയമത്തിൽ ജീവിക്കുന്ന എല്ലാ ദൈവജനത്തെയും ഉദ്ദേശിച്ച് പറഞ്ഞതത്രെ.

**വാക്യം 9**. ദൈവം [യിസ്രായേലിനെ] **കൈപിടിച്ച്** നടത്തിയപ്പോഴായിരുന്നു അവൻ അവർക്ക് പഴയ **നിയമം** നൽകിയത്. ഒരു അപ്പൻ കുഞ്ഞിനെ കൈ പിടിച്ചു നടത്തുന്നതിനെ പറയുന്ന ഭാഷയാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ആളുകൾ ബലഹീനരും അടിമത്വത്തിൽനിന്നു മോചനം പ്രാപിക്കുവാൻ കഴിവില്ലാത്തവരുമായിരുന്നതിനാൽ, മിസ്രയിം ദേശത്തു നിന്ന് "ദൈവം അവർക്ക് കൈ കൊടുത്ത് പ്രവാസത്തിൽനിന്ന് പുറത്തു കൊണ്ടുവരികയായിരുന്നു,"[17] ആ സമയത്തെ ആളുകളുടെ ആത്മിയ പുരോഗതിക്കനുസരിച്ച നിയമമായിരുന്നു ദൈവം നൽകിയത്. ആദ്യം അവർ പാപസ്വഭാവം അറിയണമായിരുന്നു. പഴയ നിയമത്തിന് പാപത്തെ വെളിപ്പെടുത്തുവാൻ കഴിഞ്ഞിരുന്നു, പക്ഷെ ആർക്കും ന്യായപ്രമാണത്താൽ രക്ഷിക്കപ്പെടുവാനോ നീതീകരിക്കപ്പെടുവാനോ കഴിഞ്ഞില്ല (റോമ. 3:20; ഗലാ. 3:19–21). പാപിയായ മനുഷ്യന്റെ ആന്തരിക ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിയാഞ്ഞതിനാൽ പാപികളെ രക്ഷിപ്പാൻ അതിന് കഴിഞ്ഞില്ല.

അവന്റെ പ്രമാണം യിസ്രായേൽ തുടർച്ചയായി ലംഘിച്ചതിനാൽ, ദൈവത്തിന് അവരെ കുറ്റപ്പെടുത്തി: "**അവർ എന്റെ നിയമത്തിൽ നിലനിന്നില്ല**." അതു തുടർച്ചയായി ഖണ്ഡിച്ചിരുന്നതുകൊണ്ട് നിയമത്തെയും അവൻ കുറ്റപ്പെടുത്തി. എന്നേക്കും ആളുകൾ പാപഭാരം ചുമക്കുവാൻ അവൻ ആഗ്രഹിച്ചില്ല. എങ്കിലും പഴയ നിയമത്തിന്റെ ഫലം കുറ്റമായിരുന്നു. അത് ആളുകളിൽ ഒരു ബാധയായി നിലനിൽക്കാതിരിക്കുവാനായി ദൈവം ആ നിയമത്തിന് പകരം പുതിയ മറ്റൊന്നു നൽകുവാൻ ആഗ്രഹിച്ചു. ആയതിനാൽ പഴയ നിയമം അവന്റെ നിത്യ പദ്ധതിയിൽ ഇല്ലായിരുന്നു. പുതിയത് പഴയതുപോലെ ആയിരിക്കുകയില്ല എന്നും പറഞ്ഞിരുന്നു.

"ഞാൻ അവരെ ആദരിച്ചതുമില്ല" എന്ന് ദൈവം പറഞ്ഞപ്പോൾ, അവർ അവന്റെ നിയമത്തെ തള്ളിക്കളഞ്ഞതിന്റെ സ്വാഭാവിക പ്രതികരണം ആയിരുന്നു. യിസ്രായേലിനെ കരുതാതിരിക്കയോ രക്ഷിക്കാതിരിക്കുകയോ ചെയ്യും എന്നല്ല ആ പ്രസ്താവന തെളിയിക്കുന്നത്. എങ്ങനെയായാലും, ആളുകൾ അവനെ പൂർണ്ണമായി തള്ളിക്കളഞ്ഞപ്പോൾ അവൻ അവരെ ഉപേക്ഷിച്ചു (റോമ. 1:18, 24, 26, 28).

### ഹൃദയത്തിലും മനസിലും എഴുതപ്പെട്ട ഒരു നിയമം (8:10–12)

**[10]ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽ ഗൃഹത്തോട് ചെയ്‌വാനിരിക്കുന്ന നിയമം ഇങ്ങനെ ആകുന്നു: ഞാൻ എന്റെ ന്യായപ്ര**

**മാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്ക് ദൈവമായും അവർ എനിക്ക് ജനമായും ഇരിക്കും.**

**[11]ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനേയും കർത്താവിനെ അറിക എന്ന് ഉപദേശിക്കയില്ല. അവർ ആബാലവൃദ്ധം എന്നെ അറിയും.**

**[12]ഞാൻ അവരുടെ അകൃത്യങ്ങളെ കുറിച്ച് കരുണയുള്ളവൻ ആകും; അവരുടെ പാപങ്ങളെ ഇനി ഓർക്കയുമില്ല എന്ന് കർത്താവിന്റെ അരുളപ്പാട്.**

**വാക്യം 10**. മൂന്ന്, ആ പുതിയ **നിയമം** ദൈവജനത്തിന്റെ ഹൃദയങ്ങളിലാണ് എഴുതുന്നത്. "ഞാൻ എന്റെ നിയമം അവരുടെ ഉള്ളിലാക്കി, അവരുടെ ഹൃദയങ്ങളിൽ എഴുതും." അവന്റെ നിയമം "മനസിലും" "ഹൃദയത്തിലും" ആക്കും എന്നു പറഞ്ഞാൽ, പഴയനിയമം ഒരു പരിധി വരെ മനപ്പാഠമാക്കിയിരുന്നെങ്കിലും, പുതിയ നിയമം മനപ്പാഠമാക്കുവാനല്ല ദൈവം പറയുന്നത് (സങ്കീ. 119:11). തിരുവെഴുത്തു മനപ്പാഠമാക്കിയാലും, അത് അനുസരിക്കണമെന്നില്ല, മനപ്പാഠമാക്കിയാൽ പ്രയോജനം ഇല്ലാതിരിക്കുന്നില്ല. നിയമം "ഹൃദയത്തിൽ എഴുതുക" എന്നു പറഞ്ഞാൽ, ഫലത്തിൽ, ഹൃദയത്തിൽ പുതിയ മനോഭാവം വരുത്തുക എന്നർത്ഥം. ഒരാളുടെ ഹൃദയത്തിൽ ദൈവ വചനം വരുമ്പോൾ അയാളെ അത് സന്തോഷിപ്പിക്കുകയും (സങ്കീ. 1:1–3) അനുസരിക്കണമെന്ന് തോന്നുകയും ചെയ്യും; അയാൾ ദൈവേഷ്ടത്തെ ഇഷ്ടപ്പെടും. അത് മനസിലാക്കി ഹൃദയത്തിൽ വിശ്വസിക്കാതെ ആർക്കും പുതിയ നിയമത്തിൽ പ്രവേശിക്കുവാൻ സാധ്യമല്ല.

പഴയ നിയമത്തിൽ ഒരു കുട്ടിയെ ദൈവത്തെ അറിയുവാൻ പഠിപ്പിക്കണമായിരുന്നു. ദൈവത്തിന്റെ നിയമം ലഭിച്ചവർ പോലും ആ നിയമത്തെ ഹൃദയംഗമമായി അനുസരിക്കുന്നില്ല. ആകയാൽ, പൗലൊസ് ഫിലിപ്പിയയിലുള്ള ആളുകളോട് വളർത്തിയെടുക്കുവാൻ പറഞ്ഞ മനോഭാവം ആളുകൾ അവരിൽ വളർത്തിയെടുക്കണം: "ക്രിസ്തുയേശുവിലുള്ള ഭാവം [ക്രിസ്തുവിന്റെ മനസ്] നിങ്ങളിൽ ഉണ്ടായിരിക്കട്ടെ." (ഫിലി. 2:5–11). കീഴ്പ്പെടുവാനുള്ള ക്രിസ്തുവിന്റെ മനോഭാവമാണ് ക്രിസ്ത്യാനികൾ പങ്കിടേണ്ടത്. പുതിയ മനോഭാവം നിമിത്തമാണ് പുതിയ നിയമത്തിൻ കീഴിലുള്ളവർ അത് അനുസരിക്കുന്നത്. നാം അത് അനുസരിക്കുമ്പോൾ, കൂടുതൽ വിലയുള്ളതായി തീരുന്നു. പക്വതയിലെത്തിയ ക്രിസ്ത്യാനി സ്നേഹം നിമിത്തമാണ്, അല്ലാതെ നിർബ്ബന്ധത്താലല്ല അനുസരിക്കുന്നത്. അത് അയാളുടെ അനുസരണത്തിന്റെ ഒരു ഭാഗമായി തീരുന്നു; അത് അയാളുടെ ഹൃദയത്തിൽ വെച്ചു പിടിപ്പിക്കുകയാണ്.

പുതിയ ഹൃദയത്തിന്റേയും ആത്മാവിന്റേയും ആശയം യെഹസ്ക്കേലിന്റെ പുസ്തകത്തിൽ കാണാം (യെഹ. 11:19, 20), ആ വേദഭാഗം അന്തർലീനമാക്കുന്നത്, നിയമം ലഭിക്കുന്ന ആൾ പൂർണ്ണ അനുസരണത്തിലേക്കാണ് വരുന്നത് എന്നത്രെ. ബാബേൽ പ്രവാസത്തിൽ നിന്നു മടങ്ങി വന്ന ജനത്തിനായിരുന്നു ആ ആശയം നൽകിയത്. ന്യായപ്രമാണം അനുസരിക്കാമെന്ന് യിസ്രായേൽ വാഗ്ദാനം ചെയ്തിരുന്നതാണ് (പുറ. 24:7), എന്നാൽ അവരുടെ ഉള്ളിൽ ആ നല്ല ഉദ്ദേശം പാലിക്കപ്പെട്ടില്ല.[18] "ജഡത്താലുള്ള ബലഹീനത" അവരെ കീഴ്പ്പെടുത്തി (റോമ. 8:3). ദാവീദ് തന്റെ ഹൃദയത്തിൽ ന്യായപ്രമാണം സൂക്ഷിച്ചു എങ്കിലും (സങ്കീ. 119:11), അത് പൂർണ്ണമായും പാലിക്കുന്നതിൽ

അവർ പരാജയപ്പെട്ടു. ആകയാൽ, ആ പ്രയോഗം ന്യായപ്രമാണം "ഉള്ളിൽ ആക്കലിൽ" കൂടുതലാണ് അർത്ഥമാക്കുന്നത്.[19] പഴയ നിയമത്തിൽ ദൈവം ഉദ്ദേശിച്ചതിന്റെ അർത്ഥം യേശു തന്റെ മലമ്പ്രസംഗത്തിൽ തന്റെ ശിഷ്യന്മാരെ മനസിലാക്കി കൊടുക്കുന്നു. ദൈവ രാജ്യത്തിൽ പ്രവേശിക്കുവാൻ അവരുടെ നീതി പരീശന്മാരുടേയും ശാസ്ത്രിമാരുടേയും ബാഹ്യമായ നീതിയേക്കാൾ കവിയണമായിരുന്നു (മത്താ. 5:20).

ദൈവത്തിന്റെ പുതിയ നിയമം അനുസരിക്കുവാൻ ഒരാൾ തന്റെ ഹൃദയം പൂർണ്ണമായി സമർപ്പിക്കപ്പെടുമ്പോഴാണ് "ശക്തി" അയാളിൽ വരുന്നത്. ഒരു ശിശു പാലിന്ന് വാഞ്ഛിക്കുന്നതുപോലെ വചനം പഠിക്കുവാനുള്ള ഉൽസാഹം വളർന്നു വരുമ്പോൾ, അയാളിൽ ആ ശക്തിയുടെ അളവ് കൂടിക്കൊണ്ടിരിക്കും. അങ്ങനെ അത് രക്ഷയിലേക്ക് വളരും (1 പത്രൊ. 2:1, 2).

**ഞാൻ അവർക്ക് ദൈവം ആയിരിക്കും** എന്നതിന്റെ അർത്ഥം ഓരോരുത്തർക്ക് വ്യക്തിപരമായി ദൈവത്തോട് ബന്ധപ്പെടാം എന്നാണ്. സമാഗമന കൂടാരത്തിലെ തിരശീല ചിത്രീകരിക്കുന്നതുപോലെ, പഴയ നിയമത്തിൻ കീഴിലുള്ളവർക്ക് ദൈവവും മനുഷ്യരും തമ്മിൽ വളരെ അകലെയായിരുന്നു. എന്നാൽ പുതിയ നിയമത്തിൽ നാം അവന്റെ ജനവും, അവൻ നമ്മുടെ ദൈവവും ആകയാൽ, നാം അവന്റെ ഭവനം ആകയാൽ, നമുക്ക് ദൈവത്തോട് അടുത്തു ചെല്ലാം. പഴയ നിയമ വ്യവസ്ഥയനുസരിച്ച് സാധാരണ ജനങ്ങളിൽനിന്ന് ഉയർന്ന പ്രത്യേകതയുള്ളവരായിരുന്നു പുരോഹിതന്മാർ. ദൈവരാജ്യത്തിലെ എല്ലാ പൗരന്മാരും പഴയ നിയമത്തിലെ പുരോഹിതന്മാർക്ക് തുല്യരാകുകയാണ്.

ദൈവം അവർക്ക് വെളിപ്പെടുത്തിയതിനാലായിരുന്നു, ഒരർത്ഥത്തിൽ യിസ്രായേൽ ദൈവത്തെ അറിഞ്ഞത്, അവൻ പറഞ്ഞു, "ഞാൻ അവർക്ക് ദൈവവും, **അവർ എനിക്ക് ജനവും ആയിരിക്കും**." അവനെ അനുസരിച്ചാൽ സന്തോഷവും, അതിൽ പരാജയപ്പെട്ടാൽ, അവനെ അറിയാതിരിക്കുന്നതിനു തുല്യവും ആകുമായിരുന്നു (ന്യായാ. 2:10 നോക്കുക). അവനെ അറിയുവാനായിട്ട്, "അവൻ അവരുടെ ഉപദേശകനും, സംരക്ഷകനും, അവരുടെ വീണ്ടെടുപ്പുകാരനും, അവരുടെ നടത്തിപ്പുകാരനും" ആയി അംഗീകരിക്കണമായിരുന്നു.[20] അധാർമ്മികരായി ജീവിച്ചവർ ദൈവത്തെ അറിയാത്തവരായിരുന്നു എന്ന് ഹോശെയാ പറഞ്ഞിരിക്കുന്നു (ഹോശേ. 4:1-3). ആ തത്വം പുതിയ നിയമത്തിലും ബാധകമാണ്. മതിയായ വിധത്തിൽ "ക്രിസ്തുവിൽനിന്ന് പഠിക്കാത്ത[വരാണ്]" പാപ സ്വഭാവമുള്ള ജീവിതശൈലി സ്വീകരിച്ചിരിക്കുന്നവർ എന്നാണ് വിവരിച്ചിരിക്കുന്നത്:

> നിങ്ങളോ യേശുവിൽ സത്യം ഉള്ളതുപോലെ അവനെ കുറിച്ച് കേട്ട് അവനിൽ ഉപദേശം ലഭിച്ചു എങ്കിൽ *ക്രിസ്തുവിനെ കുറിച്ച് ഇങ്ങനെയല്ല പഠിച്ചത്*. മുമ്പിലത്തെ നടപ്പ് സംബന്ധിച്ച് ചതിമോഹങ്ങളിൽ വഷളായി പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ച് നിങ്ങളുടെ ഉള്ളിലെ ആത്മാവ് സംബന്ധമായി പുതുക്കം പ്രാപിച്ച് സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതു മനുഷ്യനെ ധരിച്ചുകൊൾവിൻ (എഫെസ്യർ 4:20-24; എംഫസിസ് ആഡഡ്).

ഹൃദയങ്ങൾക്ക് രൂപാന്തരം വരുത്തേണ്ട ഉത്തരവാദിത്തം എഫെസ്യർക്ക്

ഉണ്ടായിരുന്നു! അവർ ക്രിസ്തുവിനെ കുറിച്ച് പഠിച്ചത് ശരിയായി മനസിലാക്കി പ്രായോഗികമാക്കിയിരുന്നു എങ്കിൽ "ആത്മാവ് ... സംബന്ധമായി ... പുതുക്കം പ്രാപിക്കുമായിരുന്നു" (4:23). അവർക്ക് മുൻപ്, കൃത്യമായി ആ ആത്മാവിനെ ലഭിച്ചിരുന്നു എങ്കിൽ, അവർക്ക് അത് പ്രകാശിപ്പിക്കുവാൻ കഴിയുമായിരുന്നു. എഫെസ്യർ 5:18 ലെ കൽപന അനുസരിക്കുമ്പോഴാണ് അത് സാധ്യമാകുന്നത്: "വീഞ്ഞ് കുടിച്ച് മത്തരാകരുത്; അതിനാൽ ദുർന്നടപ്പ് ഉണ്ടാകുമല്ലൊ. ആത്മാവ് നിറഞ്ഞവരായി തീരുക." ഒരാളുടെ ഹൃദയത്തിൽ അയാൾ ദൈവത്തെ സ്നേഹിക്കുകയാണെങ്കിൽ, ഒരിക്കലും പാപം ചെയ്തു അവൻ ഇടർച്ച വരുത്തുകയില്ല.

**വാക്യം 11. "ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും 'കർത്താവിനെ അറിക എന്ന് ഉപദേശിക്കയില്ല.' "** പുതിയ ഉടമ്പടിയിൽ ഒരാൾക്ക് പ്രവേശിക്കണമെങ്കിൽ, അയാൾ വാസ്തവത്തിൽ പരിവർത്തനമേൽക്കണം, എന്നാൽ പഴയ നിയമത്തിൽ ജഡികമായി ഒരു ശിശു ജനനത്താലാണ് പ്രവേശിക്കുന്നത്. പഴയ നിയമം പിൻപറ്റിയിരുന്നത് ഒന്നുകിൽ കുടംബപരമായോ അല്ലെങ്കിൽ ദേശിയപരമോ ആയ നിലയിലായിരുന്നു അല്ലാതെ വ്യക്തിപരമായ സമർപ്പണ രീതിയിലായിരുന്നില്ല. പഴയ നിയമം പ്രാഥമികമായി യിസ്രായേലിനായിരുന്നു, എന്നാൽ പുതിയ നിയമം യെഹൂദനോ യവനനോ എന്നില്ലാതെ എല്ലാവർക്കും ഉള്ളതാണ്. മാതാപിതാക്കളുടെ വിശ്വാസത്താൽ ഒരു ശിശുവിന് ജന്മനാ ദൈവരാജ്യത്തിലേക്ക് പ്രവേശിക്കാമെന്ന് ചിലർ കരുതുന്നു. മാതാപിതാക്കൾ ഒരുപക്ഷെ കുട്ടിയെ ജ്ഞാനസ്നാനം (വെള്ളം ഒഴിച്ചോ തളിച്ചോ) കൊടുത്തിരിക്കാം. തൽഫലമായി ആ കുട്ടി പരിവർത്തനത്തിന്റെയോ അനുസരണത്തിന്റെയോ ആവശ്യം അറിയുന്നില്ല. പഴയ നിയമത്തിൻ കീഴിൽ ജനിക്കുന്ന കുട്ടികളെ "കർത്താവിനെ അറിയുവാൻ" പഠിപ്പിക്കണം (വാ. 11). എന്നാൽ പുതിയ നിയമത്തിൽ അതിനു വിരുദ്ധമാണ്! ഒരാൾ ദൈവത്തെ അറിയുന്നത് "വിശ്വാസത്തോടെ വചനം കേൾക്കുന്നതിൽ കൂടെയാണ്" (ഗലാ. 3:2). വ്യക്തിപരമായ വിശ്വാസത്താലും അനുസരണത്താലും ഒരാൾ "പുതുതായി ജനിക്കണം," അതായത് വെള്ളത്താലും ആത്മാവിനാലും ജനിക്കണം." (യോഹ. 3:5; 1 പത്രൊ. 1:23; 1 കൊ. 4:15). ശിശുസ്നാനം തെറ്റായ പരിശീലനമാണെന്ന് ഫലപ്രദമായി തന്നെ എബ്രായർ 8:8–12 പറഞ്ഞിരിക്കുന്നു കാരണം ആളുകൾ അങ്ങനെ ചെയ്യുമ്പോൾ, അവർ പുതിയ നിയമത്തെ പഴയതുപോലെ ആക്കുകയാണ്, അതിൽ ഒരാൾ ജന്മനാ ഉടമ്പടിയിൽ പ്രവേശിക്കയും, പിന്നെ കർത്താവിനെ അറിയുവാൻ പഠിപ്പിക്കയും വേണം. പുതിയനിമത്തിൻ കീഴിൽ, ഒരാൾ പ്രവേശിക്കുവാൻ ദൈവം ആവശ്യപ്പെടുന്നതുപോലെ സുവിശേഷം മനസിലാക്കി അനുസരിക്കണം. അയാൾ യേശുവിൽ വിശ്വസിക്കുന്നതിനാവശ്യപ്പെടുന്ന മാനസാന്തരപ്പെട്ട് ക്രിസ്തുവിനെ ഏറ്റുപറഞ്ഞ് പാപമോചനത്തിനായി സ്നാനം ഏൽക്കണം. അതാണ് ഉപദേശ രൂപത്തെ ഹൃദയപൂർവ്വം അനുസരിക്കണം എന്നു പറയുന്നത് (റോമ. 6:17, 18).

"അവർ അബാലവൃദ്ധം എല്ലാവരും എന്നെ അറിയും." ദൈവരാജ്യത്തിലെ ഒരാൾക്ക് തന്റെ സഹപൗരനോട് "കർത്താവിനെ അറിക" എന്നു പറയേണ്ട ആവശ്യമില്ല. ദൈവം പറഞ്ഞു, "അവർ എല്ലാവരും എന്നെ അറിയും."–അല്ലെങ്കിൽ അവർ ക്രിസ്തുവിന്റെ രാജ്യത്തിൽ ആയിരിക്കുകയില്ല. ഉപദേശത്താൽ ദൈവേഷ്ടം നമ്മുടെ ഹൃദയത്തിൽ വെച്ചിരിക്കുകയാണ്. താൻ മുഖാന്തരം

ദൈവത്തിന്റെ അടുക്കൽ വരുന്നവരെ എല്ലാം ഉപദേശിക്കേണ്ടതാണെന്ന് യേശു പറഞ്ഞിരിക്കുന്നു (യോഹ. 6:44, 45). "വചന കേൾവിയാലാണ്" ഒരാളിൽ വിശ്വാസം വരുന്നത് (റോമ. 10:17).

**വാക്യം 12**. ഏറ്റവും വലിയ അനുഗ്രഹം ഇപ്പോൾ ഒരുപക്ഷെ നമ്മുടേത് ആയിരിക്കും: **"ഞാൻ അവരുടെ അകൃത്യങ്ങളെ കുറിച്ച് കരുണയുള്ളവൻ ആകും; അവരുടെ പാപങ്ങളെ ഇനി ഓർക്കയുമില്ല."** യഥാർത്ഥ പാപമോചനം ആയിരുന്നു പഴയനിയമത്തിലെ പോരായ്മ (എബ്രാ. 9:9; 10:1, 2, 11). അതിലുണ്ടായിരുന്നത് ബാഹ്യമായ ചടങ്ങുകളാൽ കൈകാര്യം ചെയ്യുന്നതായിരുന്നു, എന്നാൽ അവക്ക് എങ്ങനെ ഹൃദയത്തെയും ജീവിതത്തെയും നിർമ്മലീകരിക്കുവാൻ കഴിയും?"[21] പഴയ നിയമം *പാപങ്ങളെ ഓർമ്മിക്കുകയാണ് ചെയ്തത്, അല്ലാതെ പാപങ്ങൾ മോചിക്കുകയായിരുന്നില്ല* (എബ്രാ. 10:1–3, 18)."[22] ഒരാളുടെ ഹൃദയം തെറ്റായിരുന്നുകൊണ്ട് ആഘോഷങ്ങൾ നടത്തി മറ്റുള്ളവരുടെ ദൃഷ്ടിയിൽ നല്ലവരായി കാണപ്പെടുവാൻ കഴിയുമായിരുന്നു (ലൂക്കൊ. 18:9–14). ന്യായപ്രമാണ ചടങ്ങുകൾ ഒരാളെ ആത്മിയ സത്യങ്ങൾ ഗ്രഹിക്കുവാൻ സഹായിക്കുന്നില്ല കാരണം അത് പാപത്തോടുള്ള ദൈവത്തിന്റെ അസഹിഷ്ണുത കാണിക്കുവാൻ ഉദ്ദേശിച്ചുള്ളതായിരുന്നു. ആ ചടങ്ങുകൾ പല യെഹൂദന്മാർക്കും വെറും ആഘോഷങ്ങൾ മാത്രമായി. പാപങ്ങളെ കുറിച്ച് വർഷം തോറുമുള്ള ഓർമ്മക്കു (എബ്രാ. 10:1, 2) പകരം ഇപ്പോൾ, നമ്മുടെ പാപങ്ങൾ മുഴുവനും മോചിച്ചതിന്റെ ഓർമ്മ ആഴ്ച്ച തോറുമാണ് കർത്തൃമേശയിൽ കൂടെ നടത്തുന്നത് (മത്താ. 26:28). ക്രിസ്തുവിൽ നമ്മെ ദൈവം കാണുന്നത്, നാം ഒരിക്കലും പാപം ചെയ്യാത്തവരെ പോലെയാണ്. നമ്മുടെ പാപമോചനത്തിനുള്ള മാനദണ്ഡം പഴയ നിയമത്തിലേതു പോലെ മാനസാന്തരമല്ല, പിന്നെയോ ക്രിസ്തുവിന്റെ യാഗമാണ് (റോമ. 8:33, 34). എങ്ങനെയായാലും, മാനസാന്തരം ഇപ്പോഴും ആവശ്യമാണ് (ലൂക്കൊ. 13:3, 5). ക്രിസ്തുവിൽ, ആളുകൾ കുറ്റ സമ്മതം നടത്തി ഏറ്റുപറയുമ്പോൾ അത് നീങ്ങപ്പെടും (1 യോഹ. 1:7–10).

ദൈവത്തിന് നമ്മുടെ പാപങ്ങൾ മറക്കുവാൻ കഴിയുമോ? നമ്മുടെ മുൻകഴിഞ്ഞ പാപങ്ങളെ ദൈവം കഴുകി വെടിപ്പാക്കി, അവ വീണ്ടും നമുക്ക് എതിരായി അവൻ കണക്കിടുകയില്ല എന്നർത്ഥം. "നീ ചെയ്തതു ഞാൻ ക്ഷമിക്കാം, എന്നാൽ ഞാൻ അത് ഒരിക്കലും മറക്കുകയില്ല" എന്നു ഒരാൾ പറഞ്ഞാൽ അത് ദൈവം ചെയ്യുന്നതുപോലെയല്ല.

### കാലോചിതമാകാത്ത ഒരു നിയമം (8:13)

**13പുതിയത് എന്നു പറയുന്നതിനാൽ ആദ്യത്തേതിനെ പഴയതാക്കിയിരിക്കുന്നു; എന്നാൽ പഴയതാകുന്നതും ജീർണ്ണിക്കുന്നതും എല്ലാം നീങ്ങിപോകുവാൻ അടുത്തിരിക്കുന്നു.**

**വാക്യം 13**. നാല്, ഈ പുതിയ നിയമം ഒരിക്കലും കാലപ്പഴക്കത്തിലാകയില്ല. ദൈവം "ഒരു പുതിയ നിയമം സ്ഥാപിക്കുമ്പോൾ," **ആദ്യത്തേതിനെ അവൻ പഴയതാക്കിയിരിക്കുന്നു, എന്നാൽ പഴയതാകുന്നതും ജീർണ്ണിക്കുന്നതും എല്ലാം നീങ്ങി പോകുവാൻ അടുത്തിരിക്കുന്നു.**

"പുതിയ നിയമം" എന്ന വാക്കിനാൽ തന്നെ ആദ്യ നിയമം പഴയതും

കാലോ-ചിത-വും ആയിരിക്കുന്നു എന്ന് വെളിപ്പെടുത്തുന്നു. "പഴയ" നിയമത്തെ 2 കൊരിന്ത്യർ 3:6, 14 ൽ മുമ്പിലത്തേത് എന്നാണ് പറഞ്ഞിരിക്കുന്നത്. ആദ്യനിയമം "കാലോചിതമല്ലാതാക്കി" എന്നതിനർത്ഥം, അത് ഇനി ആവശ്യമില്ലാത്തതിനാൽ മുഴുവനും നീക്കം ചെയ്തു എന്നാണ്. ആ നീങ്ങി പോകൽ (അപ്രത്യക്ഷമാകൽ) അടുത്തിരിക്കുന്നു എന്നാണ് പറഞ്ഞത്. "അപ്രത്യക്ഷമാകൽ" എന്നതിന്റെ ഗ്രീക്ക് വാക്ക് (*അഫനിസ്മോസ്*) എന്നാണ്, അതേ വാക്ക് തന്നെയാണ് "നീങ്ങിപ്പോകൽ" എന്ന വാക്കിനും പറയുന്നത്. അത് പെട്ടെന്ന് കാണുന്നതും പിന്നെ അപ്രത്യക്ഷമാകുന്നതുമായ കുമിളയുടെ കാര്യം പറയുമ്പോൾ യാക്കോബ് 4:14 ൽ ഉപയോഗിച്ചിരിക്കുന്നത് കാണാം.

പഴയ നിയമം ക്രൂശിൽ തറെച്ചു നീക്കം ചെയ്തു. അതിന്റെ സൂചന യേശു മത്തായി 5:17, 18 ൽ നൽകി. "നിവൃത്തിയായി" എന്നാണ് യേശു ക്രൂശിൽ വെച്ച് പറഞ്ഞത് (യോഹ. 19:30), "എന്റെ ജീവിതം തീർന്നു" എന്നു പറയുന്നതിലുപരിയായിരുന്നു അത്. യോഹന്നാൻ 17:4 ൽ അവൻ പറഞ്ഞത് പിതാവ് തനിക്ക് ചെയ്വാൻ തന്ന പ്രവൃത്തി "തികച്ചിരിക്കുന്നു" എന്നാണ്. യേശുവിന്റെ മരണത്തോടുകൂടി ദൈവം അംഗീകരിച്ചു നൽകിയ യെഹൂദ മത വ്യവസ്ഥ അവസാനിച്ചു.

എങ്ങനെയായാലും, യെരുശലേം ദൈവാലയത്തിലെ വിശുദ്ധമായ യെഹൂദാചാരങ്ങൾ ചെയ്യുവാൻ മറ്റൊരു നാൽപതു വർഷം കൂടെ ദൈവം അനുവദിച്ചിരുന്നു. കല്ലിന്മേൽ കല്ല് ശേഷിക്കാതവണ്ണം ഏ. ഡി. 70 ൽ റോമാ സൈന്യം ദൈവാലയം നശിപ്പിച്ചപ്പോൾ മാനുഷിക കാഴ്ചപ്പാടിൽ അത് നിന്നുപോയി (മത്താ. 24:2). യെരുശലേം ദൈവാലയത്തിന്റെ നാശം യേശു മുന്നറിയിച്ചിരുന്നു (മർ. 13:2), അതിന് അവസാനം വന്നതായി സ്തെഫാനോസ് പറഞ്ഞു (പ്രവൃ. 6:14). ദൈവാലയം പുനർനിർമ്മാണം നടത്തി ലേവ്യാപൗരോഹിത്യം പുനസ്ഥാപിക്കുമെന്ന ഒരു സൂചനയും പുതിയ നിയമത്തിലില്ല. അവ എന്നേക്കുമായി ഭൂമിയിൽനിന്നു നീക്കം ചെയ്തു. പഴയ നിയമത്തിന്റെ ഒരു പുറംതോടായി മാത്രമാണ് ഒരിക്കൽ നിഴലായിരുന്ന യെഹൂദ മതം ഇന്ന് അറിയപ്പെടുന്നത്. ദൈവാലയം വീണ്ടും നിർമ്മിക്കുന്നത് ക്രിസ്തു മുഖാന്തരം നമ്മെ വീണ്ടെടുത്ത പുതിയ നിയമത്തെ മറിച്ചിടുന്നതായിരിക്കും. അത് ശ്രേഷ്ടമായതിൽനിന്ന് കുറഞ്ഞതിലേക്കുള്ള തിരിച്ചുപോക്ക് ആയിരിക്കും.

## പ്രായോഗികത

### അത്തരം ഒരു മഹാപുരോഹിതൻ (8:1)

ചില യെഹൂദന്മാർ പറഞ്ഞേക്കാം, "ഞങ്ങളുടെ മഹാപുരോഹിതൻ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് ഞങ്ങൾക്ക് കാണുവാൻ കഴിയും, എന്നാൽ നിങ്ങളുടെ മഹാപുരോഹിതനെ ആരും കണ്ടിട്ടില്ല. നിങ്ങൾക്ക് ഒരാൾ ഉണ്ടെന്ന് എങ്ങനെ അറിയാം?" ക്രിസ്തുവിന്റെ മഹാപൗരോഹിത്യം ക്രിസ്ത്യാനികളുടെ വിശ്വാസകാര്യമാണ്. ദൈവശ്വാസീയമായ എഴുത്തുകാരൻ അത് വെളിപ്പെടുത്തിയിരിക്കയാൽ നമുക്ക് വിശ്വസിക്കാം. കാണപ്പെടാത്ത ദൈവത്തെ എങ്ങനെ വിശ്വസിക്കും എന്ന സംശയാലുവിന്റെ ചോദ്യത്തിന് ഒരു ക്രിസ്ത്യാനി നല്ല മറുപടി കൊടുത്തു. അയാൾ പ്രതികരിച്ചു ചോദിച്ചു, "നിങ്ങൾ നിങ്ങളുടെ തലച്ചോർ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? ഇല്ല അല്ലേ?

അപ്പോൾ പിന്നെ നിങ്ങൾക്ക് തലച്ചോർ ഉണ്ട് എന്ന് എങ്ങനെ അറിയാം?" സംശയാലുവിന് തലച്ചോർ ഉണ്ട് എന്ന് അയാൾ വിശ്വസിക്കുന്നത് പോലെ നമുക്ക് ഒരു മഹാപുരോഹിതൻ ഉണ്ട് എന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ വിശ്വസിക്കുന്നു. നമുക്ക് ഒരു പുതിയ നിയമം ഉണ്ട് എന്ന് അദ്ധ്യായം 7 വിശദമാക്കുന്നു, അതുകൊണ്ട് മനുഷ്യർ കാണേണ്ടതിന് ഭൂമിയിലല്ല ശുശ്രൂഷ ചെയ്യുന്നത്. അവൻ മറ്റൊരു ഗോത്രമായ യെഹൂദായിൽ നിന്ന് വരുന്നത് കൊണ്ട് അവന് ഭൂമിയിൽ മഹാപുരോഹിതൻ ആയിരിപ്പാൻ സാധ്യമല്ല. നമ്മുടെ കാഴ്ചയ്ക്ക് അപ്പുറമാണ് അവന്റെ ശുശ്രൂഷ, എന്നാൽ ഒരിക്കൽ നാം അവനെ കാണും. അവൻ സ്വർഗ്ഗത്തിലെ സത്യകൂടാരത്തിലാണ് ശുശ്രൂഷ ചെയ്യുന്നത്, അല്ലാതെ ഭൂമിയിൽ ഭൗതികമായിട്ട് അല്ല.

**ആരാണ് ഈ യേശു (8:1)**

എബ്രായ ലേഖനത്തിൽ, നാം യേശുവിനെ ഉയർത്തപ്പെട്ട കർത്താവായിട്ടും, പുരോഹിതൻ ആയിട്ടും, രാജാവായിട്ടും ആണ് കാണുന്നത്. ചിലർ ക്രിസ്തുവിനെ സ്വീകരിപ്പാൻ തയ്യാറാണ്, എന്നാൽ ചുരുങ്ങിയ രീതിയിൽ അവനെ കൈക്കൊള്ളുവാനാണ് അവർ ആഗ്രഹിക്കുന്നത്. ഒരാവശ്യങ്ങളും ഉന്നയിക്കാത്ത സ്നേഹമുള്ള മശിഹയെ ആണ് അവർ ആഗ്രഹിക്കുന്നത്. ക്രൂശ്-വഹിക്കലോ അല്ലെങ്കിൽ പൂർണ്ണമായി അവന് ജീവിതം സമർപ്പിക്കലോ അവൻ ആവശ്യപ്പെടരുത്. അവർക്ക് ഒരു രക്ഷകനെ ആവശ്യമാണ്, എന്നാൽ പ്രത്യേക ധാർമ്മിക നിയമങ്ങൾ തരുന്നവൻ ആകരുത്. പലർക്കും ക്രിസ്തു ഒരു "അമാനുഷിക പ്രതിഭയാണ്", എന്നാൽ പാപത്തെ വെറുത്ത് ശിക്ഷ നടപ്പാക്കുന്നവനും പൊൻവാണിഭക്കാരെ ഓടിക്കുന്നവനും ആകരുത്. ഇന്നത്തെ ഉപദേശത്തിൽ അധികവും, "ക്രിസ്തുവിനെ പ്രസംഗിക്കുന്നു എന്ന് തോന്നിപ്പിക്കുമെങ്കിലും, വാസ്തവത്തിൽ അങ്ങനെ അല്ല."[23] ഈ ജീവിതത്തിൽ നാം ക്രിസ്തുവിന്റെ അധികാരത്തെയും, നിർദ്ദേശങ്ങളെയും കൈക്കൊള്ളാതെ ക്രിസ്തുവിന്റെ അടുക്കലേക്ക് ഒരിക്കലും മടങ്ങി വരുന്നില്ല.

**സ്വർഗ്ഗത്തിൽ ഇരുന്നു (8:1)**

ദൈവത്തിന്റെ വലത്തു ഭാഗത്ത് ഇരുന്നു (വാഴുന്ന). അവനെ ഉയർത്തി ദാവീദിന്റെ സിംഹാസനത്തിൽ ഇരിക്കുന്നു എന്നാണ് പത്രൊസ് പറഞ്ഞത് (പ്രവൃ. 2:30-33). സെഖര്യാവ് പ്രവചിച്ചത് അനുസരിച്ച് രാജാവും പുരോഹിതനുമായി വാഴുന്ന "മുള" നിറവേറിയിരിക്കുന്നു (സെഖ. 6:12, 13). "ഇപ്പോഴത്തെ സഭായുഗത്തിൽ" ക്രിസ്തു വാഴുന്നില്ല എന്നാണ് ആയിരം ആണ്ട് വാഴ്ചക്കാരുടെ ഉപദേശം പറയുന്നത്. അതിന് വിപരീതമായിട്ടാണ് പത്രൊസും എബ്രായലേഖകനും, അവനിപ്പോൾ വാഴുന്നു എന്ന് പറഞ്ഞിരിക്കുന്നത്. പുതിയ നിയമത്തിലെ ക്രിസ്തുവിന്റെ രാജ്യത്തിൽ നിന്ന് വിദൂരമല്ല "സഭായുഗം." രാജ്യത്തിന്റെ ഇപ്പോഴത്തെ "പ്രദർശനം" ആണ് സഭ എന്ന് ചിലർ വിശ്വസിക്കുന്നു; എന്നാൽ രക്ഷിക്കപ്പെട്ടവരെ എല്ലാവരെയും സഭയോട് ചേർക്കുന്നതിനാൽ (പ്രവൃ. 2:47) അവരെ പാപത്തിൽ നിന്ന് വീണ്ടെടുത്തു രാജ്യത്തിൽ ആക്കിയിരിക്കുന്നു (കൊലൊ. 1:13, 14), പ്രായോഗികമായ ഒരു വേർതിരിവ് അവ തമ്മിൽ ഇല്ല.

**ജീവനുള്ള യാഗങ്ങൾ (8:3)**

നമ്മുടെ ശരീരങ്ങളെ നാം "ജീവനുള്ള ... യാഗങ്ങൾ" ആയി സമർപ്പിക്കണം (റോമ. 12:1, 2), എന്നാൽ അതിനർത്ഥം "ജീവിതമെല്ലാം ആരാധന ആണെന്ന് അല്ല." ആരാധിക്കുന്നത് ദൈവം ക്രമീകരിച്ച രീതിയിൽ വേണം. ഒരു കുട്ടി തന്റെ ഇഷ്ട പ്രകാരം പിതാവിനെ ബഹുമാനിച്ചാൽ, അത് പിതാവിനെ പ്രസാദിപ്പിക്കുന്നത് ആകുകയില്ല. മറിച്ച് അവൻ തന്റെ അപ്പൻ പഠിപ്പിച്ചത് പോലെയാണ് ജീവിക്കുന്നത്. നാം നമ്മുടെ സ്വർഗ്ഗീയ പിതാവിനെ ആരാധിക്കേണ്ടതും അതു പോലെയാണ്. എങ്ങനെ ആരാധിച്ചാലും ദൈവം സ്വീകരിക്കയില്ല. ഹാബേൽ ദൈവത്തിന് അർപ്പിച്ച സ്വീകാര്യമായ ആരാധനയും കയീൻ ദൈവത്തിന് അർപ്പിച്ച അസ്വീകാര്യമായ ആരാധനയും തമ്മിലുള്ള വ്യത്യാസം ദൈവം കാണിച്ചു തന്നിരിക്കുന്നു (ഉല്. 4:1–5; എബ്രാ. 11:4). ഹാബേൽ "വിശ്വാസത്താൽ" അർപ്പിച്ചു എന്നതിന്റെ അർത്ഥം അവൻ ദൈവം അധികാരപ്പെടുത്തിയതിനെ അറിഞ്ഞു ശ്രദ്ധയോടെ പ്രമാണിച്ചു എന്നാണ് (റോമ. 10:17). ഹാബേലിന് മറ്റെന്തെങ്കിലും തിരഞ്ഞെടുക്കുവാൻ കഴിയുമായിരുന്നു, ദൈവത്തെ ആദരിക്കുവാൻ അവന് ഒരു ബിംബത്തെ ഉണ്ടാക്കാമായിരുന്നു; എന്നാൽ ദൈവം അധികാരപ്പെടുത്തിയത് യാഗമായിരുന്നതിനാൽ അത് സ്വീകരിക്കുമായിരുന്നില്ല.

നാം ഇഷ്ടപ്പെടുന്ന ഏതെങ്കിലും വിധത്തിൽ, അവന് "വഴിപാടുകൾ" അർപ്പിച്ച് നമുക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുമോ? കൃഷികാര്യങ്ങളിൽ പ്രാഗത്ഭ്യമുള്ള ഒരു കൃഷിക്കാരൻ തന്റെ കാർഷിക വിളവ് കൊണ്ട് ആരാധനയിൽ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ശ്രമിച്ചാൽ–അത് സഭായോഗത്തിൽ ചെയ്യുവാൻ കഴിയുമോ? ദൈവം ഒരു പരിശീലനം അധികാരപ്പെടുത്തിയാൽ നാം എഴുതിയിരിക്കുന്നതിന് അപ്പുറം പോകരുത് (1 കൊ. 4:6). ക്രിസ്തുവിലുള്ള നമ്മുടെ സ്വാതന്ത്ര്യം (ഗലാ. 5:1) അതിരു കടക്കാതെ നോക്കണം. ന്യായപ്രമാണത്തിൽ നിന്ന് നമ്മെ സ്വതന്ത്രരാക്കുന്നതാണ് പുതിയനിയമം, എന്നാൽ ദൈവത്തിന്റെ പ്രത്യേകമായ ഇഷ്ടത്തെ ലംഘിച്ചു പാപം ചെയ്യാൻ നമുക്ക് സ്വാതന്ത്ര്യമില്ല.

ക്രിസ്തു തുടർച്ചയായി യാഗം അർപ്പിച്ചു കൊണ്ടിരിക്കുന്നു എന്ന സൂചന ഈ വേദഭാഗത്ത് ഇല്ല. ക്രിസ്തു നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുന്ന പുരോഹിതനായിട്ടാണ് തുടരുന്നത്, അല്ലാതെ തുടർച്ചയായി യാഗം അർപ്പിക്കുന്ന ഒരു പുരോഹിതൻ അല്ല അവൻ. അവന്റെ യാഗം ആവർത്തിക്കപ്പെടേണ്ടതായിരുന്നില്ല (എബ്രാ. 9:28). ക്രിസ്തുവിന് അർപ്പിക്കുവാൻ ചിലത് ഉണ്ടായിരുന്നു (വാ. 3), എന്നാൽ അവന് ദിവസം തോറും യാഗം അർപ്പിക്കേണ്ട ആവശ്യം വരുന്നില്ല.

**മാതൃക പ്രകാരം (8:5)**

ബൈബിൾ ചിലപ്പോൾ "മാതൃകകളെ," പറയുന്നു. പാപത്തിൽ നിന്ന് ഓരോ ക്രിസ്ത്യാനിയും മോചിക്കപ്പെട്ടത് ഉപദേശ *രൂപം* അനുസരിച്ചത് കൊണ്ടാണ്. റോമർ 6:17, 18 പറയുന്നത് "ഉപദേശരൂപം ഹൃദയപൂർവ്വം അനുസരി*ച്ചപ്പോൾ*" റോമയിലുള്ള ക്രിസ്ത്യാനികൾ പാപത്തിൽ നിന്ന് സ്വതന്ത്രരായി. "രൂപം," എന്നതിൽ ഒരു *മാതൃക* അടങ്ങിയിരിക്കുന്നു. സുവിശേഷം നല്ലതും മഹത്വകരവുമായ വാർത്തയാണ്, എന്നാൽ സുവിശേഷത്തിൽ ഏത് തരത്തിലുള്ള "രൂപം" ആണ് അനുസരിക്കേണ്ടത്? ആ സഹോദരന്മാർ അവന്റെ മരണ

ത്തിൽ പങ്ക് ചേർന്ന് ക്രിസ്തുവിൽ പങ്ക് ചേർന്നത് എപ്പോഴാണെന്ന് പൗലൊസ് റോമർ 6:3, 4 ൽ പറഞ്ഞിരിക്കുന്നു. അത് സംഭവിച്ചത് സ്നാനപ്പെട്ടപ്പോൾ ആയിരുന്നു. മരണം, അടക്കം, ഉയിർപ്പ് എന്നിവയുടെ *രൂപം* ക്രിസ്തുവിനോട് ചേരുവാൻ ഉള്ള സ്നാനം എന്ന പ്രവൃത്തിയിൽ അടങ്ങിയിരിക്കുന്നു. അവന്റെ മരണത്തിന്റെ ഗുണഫലത്തിൽ പങ്കുചേർന്ന് "ക്രിസ്തുവിൽ" രക്ഷിക്കപ്പെടുന്നത് ഉപദേശരൂപം അനുസരിക്കുമ്പോഴാണ് (റോമ. 6:4). പിന്നീട് ആണ് ഒരാൾ ജീവന്റെ പുതുക്കത്തിൽ നടക്കുവാൻ എഴുന്നേൽക്കുമ്പോൾ (റോമ. 6:5), അത് പുതിയ ജനനത്തിലേക്ക് നയിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രാരംഭ ഉപദേശത്തെ അനുസരിക്കുമ്പോഴാണ് അവയെല്ലാം സംഭവിക്കുന്നത്. അത് പരിശുദ്ധാത്മ സ്നാനവുമായി ബന്ധപ്പെടുത്താവുന്നതല്ല കാരണം ആ വിഷയം ഇവിടെ പറയുന്ന സ്നാനവുമായി ബന്ധപ്പെട്ടതല്ല (റോമ. 6:4, 5), പുതിയ ജനനം സ്നാനജലത്തിൽ നിന്ന് കയറിവരുന്ന സമയം മുതൽ ആരംഭിക്കുന്നു. എന്നാൽ "പരിശുദ്ധാത്മ സ്നാനം" ലഭിച്ച അപ്പൊസ്തലന്മാർ അതിന് ശേഷം കയറിവരുന്നില്ല എന്നത് അവർക്ക് ശക്തി ലഭിക്കേണ്ടതിന് ആയിരുന്നു എന്ന് വ്യക്തം.

"മാതൃക" എന്ന വാക്ക് വിശദീകരിക്കേണ്ട ആവശ്യമില്ല. ഉദാഹരണമായി, അപ്പൊസ്തലന്മാർ ആളുകളെ സ്നാനപ്പെടുത്തിയത് അവരുടെ മുഖം മുകളിലേക്ക് ഉയർത്തിയോ അതോ താഴോട്ട് താഴ്ത്തിയോ ആയിരുന്നോ? സ്നാനത്തിൽ വെള്ളത്തിൽ കൂടെ ഉരുട്ടുന്നത് ഉൾപ്പെടുന്നുണ്ടോ? അത്തരം വിശദാംശങ്ങൾ നൽകിയിട്ടില്ല–എന്നാൽ അത് ഒരു മുങ്ങൽ ആയിരുന്നു, കാരണം *ബാപ്റ്റിസ്മ,* എന്ന വാക്കിന്റെ അർത്ഥം സൂചിപ്പിക്കുന്നത് അതാണ്. കർശനമായ അനുസരണം പാലിച്ച മോശെ, നോഹ, മറ്റുള്ളവർ നമുക്ക് കാണിച്ച് തരുന്ന തത്വം അതാണ്.

ചിലർ പുതിയനിയമത്തിലെ അധികാരപ്പെടുത്തിയ മാതൃകകളെ എതിർക്കുന്നത് എന്ത് കൊണ്ടാണ്? "കഠിനമായ ഒരു മാതൃക ഇല്ല" എന്നാണ് ചിലർ പറയുന്നത്. ഒരു മാതൃക ഉണ്ടെങ്കിൽ, അതിന് കഠിനത ആവശ്യമില്ലേ? സ്നാനം ഒരു മുങ്ങൽ ആണോ? സ്നാനം പാപമോചനത്തിന് ആണോ? പ്രവൃത്തികൾ 2:38 ഉം 22:16 ഉം വായിക്കുക. കർത്താവിന്റെ സഭയിൽ ഉള്ള മിക്കവാറും അംഗങ്ങൾ അത് ശരിയാണെന്നും, വിട്ടു വീഴ്ച പാടില്ലെന്നും, അത് ഉപേക്ഷിക്കേണ്ടതല്ല എന്നും സമ്മതിക്കും.

ഒരു മാതൃക ഇല്ലെങ്കിൽ, പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന് ആധികാരികമായ അടിസ്ഥാനം തന്നെ ഇല്ലാതാകും. ഉറപ്പുള്ള ഉപദേശപരമായ നൈർമ്മല്യം കാണുന്നില്ലെങ്കിൽ, കർശന നിലവാരത്തിലുള്ള ധാർമ്മിക വിശുദ്ധിയും കാണുകയില്ല.

**ശ്രേഷ്ഠമായ ഒരു നിയമം (8:6)**

തന്റെ രക്തം ഒരു പുതിയ നിയമം അഥവാ ഉടമ്പടി കൊണ്ടുവരുന്നു എന്ന് യേശു പറഞ്ഞപ്പോൾ (മത്താ. 26:28), അവൻ പുറപ്പാട് 24:8 ലെ മോശെയുടെ പ്രയോഗം നല്കുകയായിരുന്നു എന്ന് നിസ്സംശയം പറയാം. മോശെ രക്തമെടുത്ത് പറഞ്ഞു "അപ്പോൾ മോശെ രക്തം എടുത്തു ജനത്തിന്മേൽ തളിച്ചു; ഈ സകലവചനങ്ങളും ആധാരമാക്കി യഹോവ നിങ്ങളോടു ചെയ്തിരിക്കുന്ന നിയമത്തിന്റെ രക്തം ഇതാ എന്നു പറഞ്ഞു."

അതേസമയം യേശു കർശനമായ ഒരു വ്യത്യാസം വരുത്തി, അവൻ ഈ

വാക്കുകൾ ചേർത്തു “പാപങ്ങളുടെ മോചനത്തിനായി.” മോശെ മൃഗരക്ത മാണ് ഉപയോഗിച്ചത്; അവസാനത്തെ അത്താഴത്തിൽ “മുന്തിരിവള്ളിയുടെ അനുഭവം” യേശു ഉപയോഗിച്ചത് (മത്താ. 26:29) അവന്റെ രക്തത്തെ പ്ര തിനിധാനം ചെയ്യുന്നതിനായിരുന്നു, അത് അടുത്ത ദിവസമായിരുന്നു ചിന്ത പ്പെടേണ്ടിയിരുന്നത്. ഒരു നിയമത്തിന്റെ ഉടമ്പടിയെയാണ് മോശെ പറഞ്ഞത്; എന്നാൽ കരുണയുടെയും, സ്നേഹത്തിന്റേയും, കൃപയുടേയും നിയമത്തെ യാണ് യേശു പറഞ്ഞത്. തന്റെ ജനത്തോട് കൂടെ ദൈവത്തിന് വസിക്കുവാൻ ഭാഗികമായ പാപമോചനത്തെയാണ് മോശെ സംസാരിച്ചത്; എന്നാൽ യേശു സംസാരിച്ചത് വാസ്തവത്തിൽ ഉള്ള പാപമോചനം, അവന്റെ ജനത്തിൽ വ്യത്യ സ്തമായി നിലനില്ക്കേണ്ടതിനെ കുറിച്ചാണ്.[24]

പുതിയനിയമത്തിലെ ശ്രേഷ്ഠത്വം എന്താണ്?[25] അത് നിരപ്പിക്കുന്നതാ ണ്. അത് ദൈവജനത്തെയെല്ലാം ഏക ശരീരത്തിൽ ഒന്നിക്കുവാൻ പ്രാ പ്തമാക്കുന്നു (എഫെ. 2:14–18). നമ്മുടെ ഹൃദയത്തിനുള്ളിൽ ലക്ഷ്യപ്രാ പ്തി ആന്തരികമായി അനുവദിക്കുന്നതാണ്. ഒരാളെ ദൈവരാജ്യത്തിൽ പ്രവേശിപ്പിക്കുന്ന വചനം അയാളിൽ നിലനിർത്തി പുതിയ നിയമത്തിന്റെ ഗുണങ്ങൾ അയാളിലേക്ക് വരണം. ആ നിയമം സാർവ്വലൗകീകമാണ്, എല്ലാ മനുഷ്യരേയും ക്രിസ്തുവിലുള്ള ദൈവത്തിന്റെ കരുണാവിതാനത്തിലേക്ക് കൊണ്ടുവരുവാൻ രൂപപ്പെടുത്തിയിരിക്കുന്നതാണ് (മത്താ. 28:18–20). എല്ലാ വർക്കും പാപ ക്ഷമാപണം നൽകുന്ന വിധത്തിൽ അത് ഉദാരമാണ് (എബ്രാ. 2:9) അവസാനമായി അത് എന്നേക്കും ഉള്ളതാണ്; അത് നിലനില്ക്കുമെന്ന് ഉറപ്പ് നൽകിയിരിക്കുന്നു. അത് കാലഹരണപ്പെടുകയോ അല്ലെങ്കിൽ കാലോ ചിതമല്ലാതാവുകയോ ഇല്ല.

**പുതിയ നിയമം (8:7)**

പുതിയ നിയമത്തെ സംബന്ധിച്ച് പ്രമാണിക്കേണ്ട പല പ്രധാന സത്യ ങ്ങളും ഉണ്ട്;[26]

1. *അത് ഒരു ഉറപ്പുള്ള നിയമമാണ്.* ദൈവം നമ്മുടെ ദൈവമാണെന്നും നാം അവന്റെ ജനമാണെന്നും അത് ഉറപ്പാക്കുന്നു (വാ. 10). നാം ഈ നിയമ ത്തിൽ അവനോടുള്ള ബന്ധത്തിൽ ആകുമ്പോൾ നാം പുതിയ നിയമത്തിൽ ആണെന്ന് അത് ഉറപ്പിക്കുന്നു. അവൻ നമ്മുടെ പാപങ്ങളെ മറക്കുന്നു (വാ. 12). 8:10–12 ൽ ദൈവം ആറ് പ്രാവശ്യം പറഞ്ഞിരിക്കയാൽ അത് തീർച്ചയാണ്: “ഞാൻ ചെയ്യും”! അവൻ പറഞ്ഞത് ചെയ്യും എന്ന് നമുക്ക് ധൈര്യത്തോടെ ഉറപ്പിക്കാം.

2. *അത് അനുസരണത്തിന്റെ നിയമമാണ്.* ദൈവം അവന്റെ ഭാഗം ചെയ്യു ന്നു, എന്നാൽ നിബന്ധന നിറവേറപ്പെടുവാൻ നാം നമ്മുടെ ഭാഗം ചെയ്യണം “നിയമം,” *ഡയാതെക്കെ,* നിബന്ധനകൾ നിറവേറ്റി സ്വീകരിപ്പാൻ ഉയർന്നവൻ തരുന്നതിനെയാണ് അത് പറയുന്നത്. തന്റെ പ്രത്യേക ജനം ആക്കുമെന്ന് യിസ്രായേലിനോട് ദൈവം വാഗ്ദാനം ചെയ്തു (പുറ. 19:5, 6), ക്രിസ്ത്യാനി കൾക്കും അവൻ വാഗ്ദാനം ചെയ്യുന്നു (തിത്തൊ. 2:14; 1 പത്രൊ. 2:5, 9) അവന്റെ നിയമം ഇപ്പോൾ നമ്മുടെ ഹൃദയങ്ങളിലാണ് എഴുതുന്നത്. എന്നാൽ അതിന്റെ അർത്ഥം എന്താണ്? നാം ഹൃദയപൂർവ്വമാണ് ദൈവത്തെ അനുസരിക്കേണ്ടത്. ദൈവത്തിന്റെ നിയമം നമ്മുടെ ഉള്ളിൽ ഉണ്ടെങ്കിൽ, നമുക്ക് അതു ചെയ്യു വാൻ കഴിയും (ആവ. 30:11–14; യെഹെ. 11:19, 20; സങ്കീ. 40:6–8). യെഹൂദ

ന്മാർ ന്യായപ്രമാണത്തെ വിദൂരമാക്കിവെച്ച്, അവരുടെ പാരമ്പര്യത്തെയാണ് വളർത്തിയെടുത്തത്. ആരംഭത്തിൽ, അവരുടെ ആളുകളെ ന്യായപ്രമാണത്താൽ സംരക്ഷിക്കുവാനായിരുന്നു പാരമ്പര്യത്തെ ഉപയോഗിച്ചത്; എന്നാൽ അവരുടെ പാരമ്പര്യം പിന്നീട് ന്യായപ്രമാണത്തെക്കാൾ അവർക്ക് വിലയുള്ളതായി തോന്നി (മത്താ. 15:5–9). ദൈവത്തെ അറിയുന്നതിൽ അവന്റെ ഇഷ്ടം ചെയ്യുന്നതും ഉൾപ്പെടുന്നു. ദൈവത്തെ അറിയാതിരുന്നതിന് യിസ്രായേലിനെ ഹോശെയ കുറ്റപ്പെടുത്തി; പരിജ്ഞാനം ഇല്ലായ്കയാൽ ദേശത്തെ നശിപ്പിക്കുവാൻ ഇരുന്നു (ഹോശെ. 4:1, 2, 6). ദൈവത്തെ അറിയുന്നതിൽ, നീതിയും ന്യായവും പ്രവർത്തിക്കുന്നതും ഉൾപ്പെടുന്നു എന്ന് യിരെമ്യാവ് പറഞ്ഞിരുന്നു; നിരപരാധിയുടെ രക്തം ചൊരിയിക്കുന്നതും ബലഹീനരെ പീഡിപ്പിക്കുന്നതും ദൈവത്തെ അറിയാതിരിക്കൽ ആയിരുന്നു (യിരെ. 22:15–17). ഇന്ന് സുവിശേഷം അനുസരിച്ചിട്ടില്ലെങ്കിൽ, ആരും വാസ്തവത്തിൽ ദൈവത്തെ അറിയുന്നില്ല (2 തെസ്സ. 1:6–10).

3. *അത് ഒരു കൃപയുടെ നിയമമാണ്.* എല്ലാറ്റിലും ഉപരി, ദൈവം നമ്മോട് "കരുണ" കാണിക്കുന്നവനാണ് (വാ. 12). പാപമോചനം വാഗ്ദാനം ചെയ്ത് കൊണ്ടാണ് അവൻ തന്റെ കരുണ പ്രകടിപ്പിച്ചത്. പുതിയ നിയമത്തിന്റെ ശ്രദ്ധാകേന്ദ്രം ഇതാണ് (10:16–18; മത്താ. 26:28 നോക്കുക).

4. *അത് ഒരു സ്ഥിരതയുള്ള നിയമമാണ്.* പഴയനിയമം കാലഹരണപ്പെടുകയും ലേഖനം എഴുതിയതിന് അടുത്തു തന്നെ നീങ്ങപ്പെടുവാൻ ഇരുന്നു (എബ്രാ. 8:13). "നീങ്ങപ്പെടൽ" (വർത്തമാനകാലം) സൂചിപ്പിക്കുന്നത് എബ്രായ ലേഖനം എഴുതുമ്പോഴും, പഴയനിയമം പ്രാബല്യത്തിൽ ഇരുന്നു എന്നാണ്, എന്നാൽ അത് "നീങ്ങി" കഴിഞ്ഞു (ഒരു അയോറിസ്റ്റ്, പ്രവൃത്തി പൂർത്തിയാക്കിയതായി കാണിച്ചിരിക്കുന്നു). രണ്ടും ഒരേ സമയത്ത് എങ്ങനെ കഴിഞ്ഞു? ക്രിസ്തു പുതിയനിയമത്തിലെ മഹാപുരോഹിതനായി തീർന്നു കഴിഞ്ഞു; എന്നാൽ ദൈവാലയവും അതിലെ മങ്ങിയ ശുശ്രൂഷകളും അപ്പോൾ നീങ്ങിയിരുന്നില്ല. എ. ഡി. 70 ൽ യെരുശലേമിന്റെ നാശം വരുവാനിരിക്കുന്നു എന്നു കൂടി ഈ വാക്യം പറയുന്നു.

**യിസ്രായേലും യെഹൂദായും (8:8)**

യിസ്രായേലിന്റെയും യെഹൂദായുടെയും ഭൗതിക രാജ്യത്തിന്റെ പൂർണ്ണമായ യഥാസ്ഥാനം നടന്നിട്ടില്ലാത്തതിനാൽ പുതിയ നിയമം വന്നിട്ടില്ല എന്നാണ് ചില ആയിരമാണ്ട് വാഴ്ചക്കാർ ഊഹിക്കുന്നത്. പുതിയ നിയമം അത് ആവശ്യപ്പെടുന്നു എങ്കിൽ, പാപങ്ങളിൽ നിന്നുള്ള പൂർണ്ണമായ മോചനത്തിനുള്ള വിശ്വാസം നമുക്ക് നഷ്ടമാകും. യിരെമ്യാവ് 31:31–34 ൽ പ്രവചിച്ചിരിക്കുന്നതിന്റെ ഒരു ഭാഗം പുതിയ നിയമത്തിൽ ക്രിസ്തു നിറവേറ്റിയില്ലായെങ്കിൽ പെന്തെകോസ്തു നാളിൽ (പ്രവൃ. 2), ഒന്നും നിറവേറിയില്ല എന്ന് പറയേണ്ടി വരും. അത് നിറവേറി കഴിയുകയും ക്രിസ്ത്യാനികൾ സഭയിൽ പൂർണ്ണമായ പാപമോചനം ലഭിക്കുകയും ചെയ്തു. പാപമോചനവും പുതിയ നിയമവും യോജിച്ച് നില്ക്കുന്നവയാണ്. എബ്രായ ലേഖനം വായിച്ചപ്പോൾ യെഹൂദ മതം വിട്ട് വിശ്വാസം പിൻപറ്റുവാൻ ക്രിസ്തു മരിച്ചിട്ട് രണ്ടായിരം വർഷങ്ങളോളം കാത്തിരിക്കുക എന്നത് ഊഹിക്കുവാൻ പോലും പ്രയാസം. എബ്രായർ 8–10 ശ്രദ്ധയോടെ വായിക്കുന്ന ഏതൊരാൾക്കും വരുവാനുള്ള പുതിയ നിയമ പ്രവചനം പൂർണ്ണമായി നിറവേറിയ സത്യം മനസ്സിലാക്കാം. പു

തിയ നിയമം ആളുകളെ ക്രിസ്തുവിനായി ശ്രേഷ്ഠ ജീവിതം നയിക്കുവാനു ള്ളതാണ്.

യിസ്രായേലും യെഹൂദയും എന്ന് ആലങ്കാരികമായി പറഞ്ഞിരിക്കുന്നത് എല്ലാ ആളുകളെയും ഉൾപ്പെടുത്തിയാണ്. നാം ക്രിസ്തുവും സഭയും മുഖാന്തരം പുതിയനിയമത്തിൽ ദൈവത്തോടുള്ള ബന്ധത്തിൽ ആണ് (8:8).

**വിശ്വസ്തമായ ഉപദേശം (8:8, 9)**

എബ്രായ ലേഖനം ചെയ്യുന്നത് പോലെ ആളുകൾ എവിടെയാണോ അവിടെ ക്രിസ്തുവിലേക്ക് നയിച്ച് കൊണ്ടിരിക്കണം. ഒരു യെഹൂദൻ പഴയനിയമത്തിൽ വിശ്വസിക്കുന്നു എങ്കിൽ, നാം അവിടെ ഫിലിപ്പോസ് ഷണ്ഡനോട് പറഞ്ഞു തുടങ്ങിയത് പോലെ വേണം തുടങ്ങുവാൻ: "ഫിലിപ്പോസ് *ഈ തിരുവെഴുത്ത്* ആധാരമാക്കി അവനോട് യേശുവിനെക്കുറിച്ചുള്ള സുവിശേഷം അറിയിപ്പാൻ തുടങ്ങി" (പ്രവൃ. 8:35; എംഫസിസ് ആഡഡ്). യിരെമ്യാവ് പ്രവചിച്ചത് പോലെ, യെഹൂദന്മാരെല്ലാവരും ലോകമെങ്ങും ചിതറിപോയിരിക്കുന്നു (യിരെ. 9:16). അവരും അവരുടെ തിരുവെഴുത്തും, ഇപ്പോൾ ക്രിസ്തുവിന് ജീവിക്കുന്ന സാക്ഷ്യമായിരിക്കണം. ക്രിസ്തീയ വേദപുസ്തകത്തിൽ നിന്ന് വേർപ്പെടുത്തി യെഹുദ ബൈബിൾ ആയ പഴയനിയമവും നമുക്ക് വായിക്കുവാൻ നൽകിയിരിക്കുന്നു. ആ തെളിവ് അനേകം പേരെ ക്രിസ്തുവിലേക്ക് നടത്തുവാൻ പ്രേരിപ്പിക്കുന്നു. ക്രിസ്ത്യാനികൾക്ക് എഴുതിയിരിക്കുന്ന അത്തരം വിശ്വാസയോഗ്യമായ ഉറപ്പ് മറ്റുള്ളവർക്ക് ഇല്ല. പഴയനിയമ പ്രവചനങ്ങൾ പുതിയ നിയമത്തിൽ നിറവേറിയതിന് തെളിവായി യെഹൂദ തിരുവെഴുത്തുകളും, കർത്താവും നമുക്ക് ഉണ്ട്. യെഹൂദന്മാരും, അവരുടെ തിരുവെഴുത്തും എല്ലായിപ്പോഴും ക്രിസ്തുവിന് ഒരു സാക്ഷ്യമാണ്. അവർ ഈ ലോകത്തിൽ പലയിടങ്ങളിലായി വിശ്വാസത്തിന് സഹായമായി നില്ക്കുന്നു. പഴയനിയമം നമ്മുടെ ആശ്വാസത്തിനും ബുദ്ധിയുപദേശത്തിനുമായി നല്കിയിരിക്കുന്നു (റോമ. 15:4; 1 കൊ. 10:11; ഗലാ. 3:24).

**ഹൃദയത്തിൽ എഴുതിയിരിക്കുന്നു (8:10)**

പരിശുദ്ധാത്മാവിന്റെ നേരിട്ടുള്ള പ്രവർത്തനത്താൽ ഒരാളുടെ പാപത്തെ മുഴുവൻ അതിജീവിക്കുവാൻ ഹൃദയത്തിൽ പുതിയ ശക്തി ലഭിക്കുന്നുവെന്ന് ചിലർ 8:10 എടുത്ത് പറയുന്നു. ദൈവത്തിന്റെ പ്രത്യേക ശക്തിയാൽ പാപത്തെ അതിജീവിക്കുവാൻ ഏതെങ്കിലും ഒരു വ്യക്തി ആത്മാവിന്റേയും ദൈവത്തിന്റേയും സഹായത്താൽ വിജയിക്കുന്നില്ലെങ്കിൽ, അത് ആത്മാവിനേയും അവന്റെ ശക്തിയേയും പ്രതിഫലിപ്പിക്കും. നമ്മുടെ പരിവർത്തന സമയത്ത് നമുക്ക് "ദൈവിക സ്വഭാവം" ലഭിക്കുമോ? ചിലർ ആ അവകാശത്തിന് 2 പത്രൊ. 1:2-4 എടുക്കാറുണ്ട്, എന്നാൽ അവിടെ പത്രൊസ് അതല്ല പറഞ്ഞത്. നാം ദൈവസ്വഭാവത്തിനു കൂട്ടാളികൾ "ആകുമെന്നാണ്" അവൻ പറഞ്ഞത്. അതായത്, ക്രിസ്ത്യാനികൾക്ക് അവന്റെ സ്വഭാവത്തോട് അനുരൂപരായി വളരുവാൻ അവസരം ലഭിക്കുന്നു എന്നർത്ഥം. ആത്മാവ് ഒരിക്കലും മാനുഷിക പ്രതികരണത്തെ മറി കടുക്കുകയില്ല. ദൈവം ഒരിക്കലും മനുഷ്യഹൃദയത്തെ ഭയപ്പെടുത്തി ഭരിക്കുകയില്ല.

അവന്റെ ഇഷ്ടം നമ്മുടെ ഹൃദയങ്ങളിൽ എഴുതുന്നത് എങ്ങനെയാണ്? ഈ രംഗം ഒന്ന് ഊഹിക്കുക. നിങ്ങൾ 35 മൈൽ സ്പീഡിൽ സ്ക്കൂൾ പരി

സരത്തുകൂടെ കാർ ഓടിച്ചു പോകുന്നു എന്നു വിചാരിക്കുക, പെട്ടെന്ന് നിർത്തിയിട്ടിരിക്കുന്ന രണ്ട് കാറുകൾക്കിടയിൽ കൂടെ ഏഴ്-വയസ്-പ്രായമുള്ള ഒരു കുട്ടി റോഡിലേക്ക് ഓടിവരുന്നു, നിങ്ങൾ പെട്ടെന്നു ബ്രേക്ക് ചവിട്ടുന്നു-വണ്ടി നിർത്തുമ്പോൾ, ബമ്പർ കുട്ടിയുടെ ദേഹത്ത് തട്ടും. നിങ്ങൾ മരവിച്ചുപോകും. ഒരു കുട്ടിയെ കൊല്ലുന്ന വിധത്തിൽ നിങ്ങൾ എത്ര അടുത്ത് എത്തി എന്ന് ചിന്തിച്ച്, ഇനി ഒരിക്കലും "സ്ക്കൂളുണ്ട്, 15 മൈൽ സ്പീഡ് മാത്രം" എന്ന ബോർഡ് ശ്രദ്ധിക്കാതെ ഓടിക്കുകയില്ല എന്നു തീരുമാനിക്കും. അപ്പോൾ ആ നിയന്ത്രണം നിങ്ങളുടെ ഹൃദയത്തിൽ എഴുതും.[27]

"അവരുടെ ഹൃദയങ്ങളിൽ എഴുതും" എന്നതിന്റെ അർത്ഥം ദൈവേഷ്ടം നമ്മുടെ ജീവിതത്തിന്റെ കേന്ദ്രമാക്കുകയും തീരുമാനങ്ങൾ എടുത്ത് പിൻപറ്റുന്നത് അവന്റെ വെളിപ്പാട് അനുസരിച്ചായിരിക്കുകയും ചെയ്യും എന്നാണ്. കല്ലിലുള്ള ഒന്നിനെയല്ല നാം ആദരിക്കുന്നത്; മറിച്ച് നാം സ്നേഹിക്കുന്ന പിതാവായ ദൈവം ആയിരിക്കും നമ്മുടെ ഹൃദയങ്ങളിൽ. ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുവാനുള്ള ആഗ്രഹമാണ് നമ്മിൽ ദൈവിക സ്വഭാവം വരുവാനുള്ള കാരണം. നാം ദൈവത്തെ സ്നേഹിച്ച്, പാട്ട് പാടി, പ്രാർത്ഥിച്ച് അവനെ ആരാധിക്കുകയും ബൈബിൾ പഠനം തുടരുകയും ചെയ്യുമ്പോൾ, നമ്മുടെ ഹൃദയം സന്തോഷിക്കും. ഒരാൾ വിശ്വാസത്താൽ വാസ്തവത്തിൽ ദൈവത്തെ അറിയുമ്പോൾ, ആത്മാർത്ഥമായ ഒരു ചെറിയ പ്രാർത്ഥന പോലും അയാളുടെ ഉള്ളിൽനിന്ന് സന്തോഷ കണ്ണുനീർ വീഴ്ത്തും. നാം ആത്മാർത്ഥമായി ദൈവത്തെ അറിഞ്ഞു സ്നേഹിക്കുമ്പോൾ, അവനെ ക്രോധമുള്ള ദൈവമായി മാത്രമല്ല, സ്നേഹവാനായ ദൈവമായും മനസിലാക്കും. ദൈവത്തോട് സമ്മതിക്കുന്ന പാപം അവൻ രേഖയിൽനിന്നു നീക്കം ചെയ്യുന്നത് നമ്മെ പറഞ്ഞുതീരാത്ത വികാരത്തിലെത്തിക്കും. ദൈവം നമുക്ക് അനുകൂലമാണെന്ന റോമർ 8:31 ലെ പ്രസ്താവന നാം വിശ്വസിക്കും. അവന്റെ വചനം നമുക്ക് നമ്മുടെ ഹൃദയങ്ങളിൽ എഴുതാം.

**നിയമം അവരുടെ മനസിൽ (8:10)**

എല്ലാ നിയമവും നിയന്ത്രണവും "ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം"നീക്കം ചെയ്യുന്നു എന്ന ചിലരുടെ ധാരണ തെറ്റാണ്, കാരണം കർത്താവിനോടുള്ള സ്നേഹം പ്രദർശിപ്പിക്കുന്നത് അവന്റെ "കൽപനകളെ പ്രമാണിച്ചുകൊണ്ടാണ് " (യോഹ. 14:15). സ്നേഹം ന്യായപ്രമാണത്തെ നിവർത്തിയാക്കുന്നു (റോമ. 13:8–10), അതിന്റെ അർത്ഥം ഒരാൾ ദൈവത്തെ സ്നേഹിച്ചാൽ മറ്റു നിയമങ്ങളെല്ലാം അസ്ഥാനത്താകുമെന്ന് അർത്ഥമില്ല. മോശെയുടെ ന്യായപ്രമാണത്താലോ, അല്ലെങ്കിൽ ന്യായപ്രമാണത്തിന്റെ മറ്റൊരു പ്രവൃത്തിയാലോ ആരും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല, ഏതൊരു "നിയമത്തിലും" വാഗ്ദാനങ്ങളോടൊപ്പം നിബന്ധനകളും പ്രമാണിക്കുവാനായി നൽകിയിരിക്കും, അത് പാലിക്കുമ്പോഴാണ് അതിന്റെ ഫലം ലഭിക്കുന്നത്.

താൻ മോശെയുടെ ന്യായപ്രമാണത്തിൽനിന്നു സ്വതന്ത്രനായി എന്നു പൗലൊസ് മനസിലാക്കിയിരുന്നു, അപ്പോഴും അവൻ "ക്രിസ്തുവിന്റെ നിയമത്തിൻ കീഴിലാണ്" എന്നു പറഞ്ഞിരിക്കുന്നു (1 കൊ. 9:21). നമ്മുടെ കീഴ്പ്പെടൽ ആവശ്യപ്പെടുന്നതാണ് ദൈവത്തിന്റെ കരാർ അല്ലെങ്കിൽ ഉടമ്പടി. അനുസരണം കൂടാതെ ഒരാൾക്ക് ദൈവത്തോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുവാൻ കഴിയുമോ? സുവിശേഷം അനുസരിക്കാതെ ഒരാൾക്ക് രക്ഷ പ്രാപി

ക്കുവാൻ കഴിയുമോ (2 തെസ്സ. 1:6–10; 1 പത്രൊ. 4:17)? "അനുസരിക്കുന്നത് യാഗത്തെക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസുകളെക്കാളും നല്ലത്" (1 ശമു. 15:22).

ന്യാപ്രമാണം അനുസരിച്ച് ഒരാൾക്ക് രക്ഷ നേടിയെടുക്കുവാൻ കഴിഞ്ഞില്ല കാരണം ന്യായപ്രമാണം പൂർണ്ണമായി അനുസരിപ്പാൻ ആർക്കും കഴിഞ്ഞിരുന്നില്ല (റോമ. 3:23). രക്ഷ "നേടിയെടുക്കുവാൻ" ആർക്കും കഴിയുകയില്ലെങ്കിലും, ഓരോരുത്തരും ക്രിസ്തുവിന്റെ സ്നേഹമുള്ള ക്ഷണം സ്വീകരിക്കുന്നതിന് മുമ്പോട്ട് വരണം (മത്താ. 11:28–30; വെളി. 3:20). നാം എല്ലാ കൽപനകളും അനസരിച്ചാലും "കൊള്ളരുതാത്ത ദാസന്മാർ" എന്നേ വരു (ലൂക്കൊ. 17:10). ആരെങ്കിലും രക്ഷ പ്രാപിക്കുന്നത് ദൈവ കൃപയാലാണ്.

**ദൈവത്തോടുള്ള കൂടായ്മ (8:10, 11)**

"ഞാൻ അവർക്ക് ദൈവവും" "അവർ എനിക്ക് ജനവും" ആയിരിക്കും എന്നത് പുതിയനിയമത്തിലെ പ്രധാനപ്പെട്ട വാഗ്ദാനങ്ങളിൽ ഒന്നാണ്. നാം അവനിൽ നടന്ന് അവന്നു വേണ്ടി തുടർച്ചയായി ജീവിച്ചാൽ നമുക്ക് ദൈവത്തോടു കൂട്ടായ്മയുണ്ടാകും. അത് തിരുവെഴുത്തിലെ ഒറ്റപ്പെട്ട ചിന്തയല്ല; അത് മറ്റു പല രീതിയിൽ നമ്മെ അറിയിച്ചിട്ടുണ്ട്. വെളിപ്പാട് 3:20 ൽ ഹൃദയ "വാതിൽ തുറന്ന്" പ്രവേശിക്കുവാൻ അനുവദിച്ചാൽ, ആ വ്യക്തിയോടുകൂടെ ഭക്ഷണം കഴിക്കുമെന്ന് യേശു വാഗ്ദാനം ചെയ്തിരിക്കുന്നു. ക്രിസ്ത്യാനികൾക്ക് വേണ്ടി യേശു യോഹന്നാൻ 17:21 ൽ പ്രാർത്ഥിക്കുന്നത് "നീ എന്നെ അയച്ചിരിക്കുന്നു എന്ന് ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിന്ന്, പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ, അവരും നമ്മിൽ ആകേണ്ടതിന്നു തന്നെ." ക്രിസ്ത്യാനികൾക്ക് ക്രിസ്തുവിലും പിതാവി"ലും" ആകുവാൻ കഴിയുന്നത് അടുത്ത കൂട്ടായ്മയെയാണ് പറയുന്നത്. താൻ മുന്തിരി വള്ളിയും ശിഷ്യന്മാർ "മുന്തിരിവള്ളിയിലെ കൊമ്പുകളുമാണ് " എന്നത്രെ യേശു പറഞ്ഞത് (യോഹ. 15:5). ശിഷ്യന്മാരുടെ കടമയാണ് ക്രിസ്തുവിൽ "വസിക്കുക" എന്നത്; ആരെങ്കിലും അവനിൽ വസിച്ചില്ല എങ്കിൽ, ഒരു കൊമ്പ് എന്ന പോലെ വെട്ടി തീയിലിട്ട് ചുട്ടുകളയും (15:6). "വെളിച്ചത്തിൽ നടക്കുക" എന്നാൽ (1 യോഹ. 1:7) ക്രിസ്തുവിനെ അനുഗമിച്ചു, അവന്റെ കൽപനകളിൽ നടക്കുക എന്നാണ്.

ഇപ്പോൾ നമ്മോട് ദൈവത്തിന് അടുത്ത ബന്ധമാണ് ഉള്ളത്; ഈ ജീവിതത്തിൽ തന്നെ നാം അവന്റെ മക്കളാണ്. ലോകത്തിൽനിന്ന് പുറത്ത് വന്ന് വേർപെട്ടിരിപ്പിൻ എന്നാണ് പൗലൊസ് കൊരിന്ത്യരോട് ആവശ്യപ്പെട്ടത്–ഫലമോ അവൻ നമ്മുടേതും നാം അവന്റേതും ആയിരിക്കും (2 കൊ. 6:16–18). വെളിപ്പാട് 21:3, 4 സ്വർഗത്തെയാണ് പ്രയോഗിച്ചിരിക്കുന്നതെങ്കിലും, ഇപ്പോൾ ദൈവം നമ്മോടുകൂടെ ആണ് വസിക്കുന്നത്. മരണ ഭയവും വേദനയും അവൻ തന്റെ മരണത്താൽ നീക്കി (എബ്രാ. 2:14, 15 നോക്കുക). ക്രിസ്തുവിൽ നാം അടിമത്വത്തിൽനിന്ന് സ്വതന്ത്രരായി. ദൈവം നമ്മോടുകൂടെ എന്നത് ഇപ്പോൾ യാഥാർത്ഥ്യമായി. അവയും അവയിൽ കൂടുതലും പുതിയ നിയമം വാഗ്ദാനം ചെയ്യുന്നു.

അവസാന–സമയം വരുമ്പോൾ, ദൈവം നമ്മിൽ പൂർണ്ണമായും എന്നേക്കും വസിക്കും. സ്വർഗത്തിന്റെ നിഴലാണ് ഇപ്പോഴത്തെ സഭ (വെളി. 21:3). ഈ ലോകജീവിതത്തിൽ നമുക്ക് അവകാശപ്പെടുവാൻ കഴിയാത്ത വിധ

ത്തിൽ ആ സത്യം യാഥാർത്ഥ്യമാകുകയാണ്.

പുതിയ നിയമത്തിൽ, നാം ഇപ്പോൾ, “കാഴ്ച്ചയാലല്ല, വിശ്വാസത്താലാണ് നടക്കുന്നത്” (2 കൊ. 5:7). വചനത്തിലുള്ള വിശ്വാസം മുഖാന്തരമാണ്, നാം ദൈവത്തെ അറിയുന്നത് (റോമ. 10:17), അല്ലാതെ “വ്യക്തിപരമായ അനുഭവത്താൽ” അല്ല. ദൈവം നമ്മെ വ്യക്തിപരമമായി അറിയുന്നു, പക്ഷെ നാം അങ്ങനെയല്ല അറിയുന്നത്. വചന പരിജ്ഞാനത്താലും വിശ്വാസത്താലും, ആവശ്യമുള്ള രീതിയിൽ നമുക്ക് അവനെ അറിയുവാൻ കഴിയും. നമ്മുടെ ജീവിതത്തിൽ അനുഭവപ്പെടുന്ന നല്ലതും മോശമായവയുമായ അനുഭവങ്ങൾ, അവന്റെ വാഗ്ദാനങ്ങളും അനുഗ്രഹങ്ങളും അവനെ അനുമോദിക്കുവാൻ സഹായകരമാകും. അതെ നമുക്ക് ദൈവത്തിൽ വ്യക്തിപരമായ വിശ്വാസം വേണം, എന്നാൽ അവനിൽ നിന്നു ലഭിക്കുന്ന ഏതൊരു അനുഭവവും പരസ്പരവുമുള്ള “വ്യക്തിപരമായ” മഹത്വത്തിനായി കാത്തിരിക്കണം.

**വിശ്വാസവും പുരാവസ്തുശാസ്ത്രവും (8:13)**

എബ്രായ ലേഖനം എഴുതിയ സമയത്ത് ദൈവാലയ നാശം അടുത്തിരുന്നു: “സൂര്യൻ ഉദിച്ചിരുന്നു എങ്കിലും ചന്ദ്രൻ അപ്രത്യക്ഷമായിരുന്നില്ല.”[28] യേശു മുന്നറിയിച്ചു, “ഇടിഞ്ഞുപോകാതെ കല്ലിന്മേൽ കല്ല് ശേഷിക്കയില്ല” (മത്താ. 24:2 ബി). ദൈവാലയം നശിപ്പിക്കുവാനുള്ള കാരണം തർക്കിക്കപ്പെട്ടിരുന്നു. അത് നശിപ്പിക്കരുത് എന്ന് ടൈറ്റസ് കൽപന കൊടുത്തിരുന്നു എന്നാണ് ജോസെഫസ് പറഞ്ഞത്. ഒരുപക്ഷെ തീയായിരിക്കാം കാരണം എന്നു പറയപ്പെടുന്നു, കാരണം ദൈവാലയം അധികവും സ്വർണ്ണം പൂശിയിരുന്നു. സ്വർണ്ണം ഉരുകി കല്ലുകൾക്കിടയിലെ വിള്ളൽ കണ്ട് കല്ലുകൾ ഇളക്കി മാറ്റിയിരിക്കാം. ദൈവാലയത്തിന്റെ പണികൾ പൂർണ്ണമായും നശിപ്പിക്കപ്പെട്ടു, അവയിൽ പല കല്ലുകളും ഏ. ഡി. 70 ൽ നശിപ്പിക്കപ്പെട്ട സ്ഥലത്ത് തന്നെ കിടക്കുന്നു. മറ്റു കല്ലുകളെ പുരാതന യെരുശലേമിലെ ആളുകൾ വീടുകൾ പണിയുവാൻ ഉപയോഗിച്ചിരിക്കാം എന്ന കാര്യത്തിൽ സംശയമില്ല. അവിടെ ദൈവാലയം തന്നെ ഉണ്ടായിരുന്നില്ല എന്ന് സംശയാലുക്കൾ വാദിച്ചിട്ടുണ്ട്, പക്ഷെ, പുരാവസ്തു ഗവേഷകന്മാർ അവരുടെ വാദം തെറ്റാണെന്ന് തെളിയിച്ചിരിക്കുന്നു.

ബൈബിൾ വിദ്യാർത്ഥിക്കും പണ്ഡിതനും പുരാവസ്തു ശാസ്ത്രം വളരെ ഉപകരിക്കുന്നതാണ്, ദൈവത്തിലും അവന്റെ വചനത്തിലും വിശ്വാസം ജനിക്കുവാൻ ബൈബിളിലെ തെളിവുകൾ ധാരാളം മതിയാകും. അത് തീർച്ചയായും വിശ്വാസത്തെ ജ്വലിപ്പിച്ച് ബൈബിൾ മനസിലാക്കുവാൻ സഹായിക്കും, എന്നാൽ അവയൊന്നും ദൈവം ഉണ്ട് എന്നോ, ക്രിസ്തു കന്യകയിൽ ജനിച്ചു എന്നോ, അല്ലെങ്കിൽ അവൻ മരിച്ചവരിൽനിന്നു ഉയർത്തെഴുന്നേറ്റു എന്നോ തെളിയിക്കുന്നില്ല. കൂടുതൽ കൂടുതൽ പുരാവസ്തുക്കൾ ഗവേഷണത്തിൽകൂടെ കണ്ടെടുക്കുന്നതിനാൽ, ബൈബിളിന്റെ ചരിത്രപരമായ വിശ്വാസ്യത വർദ്ധിക്കും. കഴിഞ്ഞ കാലത്ത് നടന്ന അനേകം കണ്ടുപിടിത്തങ്ങൾ അറിഞ്ഞിട്ടും ബുദ്ധിമാന്മാരായ ആളുകൾ ബൈബിളിനെ സംശയിക്കുന്നതാണ് നമ്മെ അതിശയിപ്പിക്കുന്നത്. ഉദാഹരണത്തിന്, വളരെക്കാലം മുൻപ് ബൈബിളിൽ പിലാത്തൊസിനെ കുറിച്ച് പറഞ്ഞിരുന്നു. എന്നാൽ 1961 ൽ കൈസര്യയിൽ കണ്ടെടുത്ത അവശിഷ്ടങ്ങൾക്കിടയിൽനിന്ന് പിലാത്തൊസിന്റെ മേലെഴുത്ത് ഉള്ള ഒരു കല്ല് കണ്ടെടുക്കുന്നതുവരെ പുരാവസ്തു ഗവേഷകർ ചരിത്രപരമായി അദ്ദേഹം ജീവിച്ചിരുന്നതായി സ്ഥിരീകരിച്ചിരുന്നില്ല. അത്തരം

കണ്ടുപിടിത്തങ്ങൾ വിശ്വാസം ജനിപ്പിക്കുന്നില്ലെങ്കിലും, വിശ്വാസിയെ ആശ്വസിപ്പിക്കുകയും ആവേശമുള്ളവനാക്കുകയും ചെയ്യും.

---

കുറിപ്പുകൾ

[1]" 'സം' എന്ന വാക്ക് ധകെജെവിപ sI കെഫാലായിയോസ്, അർത്ഥം 'മുഖ്യ പോയിന്റ്' എന്നാണ്. അത് മുൻപ് പറഞ്ഞതിന്റെ ചുരുക്കം അല്ല. താഴെ പറയുന്നവയിലേക്കുള്ള മുഖ്യപോയിന്റ് ആണ്" (കെന്നത്ത് സാമുവൽ വൂവെസ്റ്റ്, ഹീബ്രൂസ് ഇൻ ദ ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ് ഫോർ ദ ഇംഗ്ലീഷ് റീഡർ ധഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയൂഎം. ബി. ഏർഡ്മാൻസ് പബ്രിഷിങ്ങ് കമ്പനി., 1951പ, 140). [2]ഗരേത്ത് എൽ. റീസ്, *എ ക്രിട്ടിക്കൽ ആന്റ് എക്സെജെറ്റിക്കൽ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്* (മൊബെർലി, മോ.: സ്ക്രി പ്ച്ചർ എക്സ്പൊസിഷൻ ബുക്ക്സ്, 1992), 125, എൻ. 5. [3]ചിലരിൽ ഇത് വാസ്തവമായിരുന്നേക്കാം, തന്റെ പ്രതിനിധിയായി അപ്പോൾ കയ്യഫാവിനെ ഉപയോഗിച്ചിരിക്കാം. ആത്മാവ് പ്രവചനാത്മകമായി ചുരുങ്ങിയത് ഒരു പ്രാവശ്യം അവൻ മുഖാന്തരം സംസാരിച്ചിരിക്കുന്നു (യോഹ. 11:47–53). [4]റോബർട്ട് മിലിഗൺ, *എ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്,* ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ് (സിൻസിനാറ്റി: ചെയ്സ് ആന്റ് ഹാൾ, 1876; റീപ്രിന്റ്, നാഷ്‌വില്ലേ: ഗോസ്പൽ അഡ്വകേറ്റ് കമ്പനി., 1975), 276–80. [5]ഡൊണാൾഡ് ഗത്രി, *ദ ലെറ്റർ ടു ദ ഹീബ്രൂസ്: ആൻ ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി,* ദ ടിൻഡേൽ ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയൂഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1983), 172. [6]എഫ്. എഫ്.ബ്രുസ്, *ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്,* ദ ന്യൂ ഇന്റർ നാഷണൽ കമെന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയൂഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1964), 164–65. [7]നീൽ ആർ. ലൈറ്റ്ഫുട്, എവരിവൺസ് ഗൈഡ് ടു ഹീബ്രൂസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 2002), 105. [8]പൗലൊസ് റോമർ 6:17, 18 ൽ *ടുപോസ്* എന്ന വാക്ക് പാപത്തിൽ നിന്നു മോചനം പ്രാപിക്കുവാൻ അനുസരിക്കേണ്ട ചില കാര്യങ്ങളെ പറയുമ്പോൾ, ഉപയോഗിച്ചിരിക്കുന്നു, അവിടെ പറഞ്ഞിരിക്കുന്ന "മാതൃക" സ്നാനത്തിലുള്ള അനുസരണം ആയിരിക്കാം (6:3, 4), അത് ക്രിസ്തുവിന്റെ മരണം, അടക്കം, ഉയർത്തെഴുന്നേൽപ് എന്നിവയുടെ "രൂപത്തോട്" നാം അനുസരണമുള്ളവരായി തീരുകയാണ്. [9]ജെയിംസ് ബർട്ടൻ കോഫ്മാൻ പുതിയ നിയമത്തിൽ ദൈവത്തെ എങ്ങനെ സേവിക്കണം എന്ന ദൈവത്തിന്റെ നിർദ്ദേശങ്ങൾ അടങ്ങുന്ന ഒരു "മാതൃക" നൽകിയിരിക്കുന്നു. പരിവർത്തന പ്രവൃത്തികൾ അനുസരിക്കേണ്ടതിന്നായി, ക്രിസ്തുവിലേക്ക് പരിവർത്തനം ചെയ്യത്തക്കവണ്ണം അവന്ന് "രക്ഷാപദ്ധതി" ഉണ്ടെന്ന് അയാൾ വാദിച്ചു. കൂടാതെ ദൈവത്തെ ആരാധിക്കുവാൻ നാം പ്രത്യേകമായി തിരുവെഴത്തിനെ ആണ് ആധാരമാക്കേണ്ടത് എന്നും അയാൾ പറഞ്ഞു. എല്ലാറ്റിലുമപരിയായി, ക്രിസ്തീയ ജീവിതം നയിക്കേണ്ടത് എങ്ങനെ എന്ന മാതൃകയും അദ്ദേഹം കാണിച്ചു തന്നിരിക്കുന്നു (ജെയിംസ് ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ ഹീബ്രൂസ്* [ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലീഷിങ്ങ് ഹൗസ്, 1971], 170 –73.) [10]ജിമ്മി അലെൻ, *സർവ്വേ ഓഫ് ഹീബ്രൂസ്,* 2ഡ് എഡി (സിയേഴ്സി, ആർക്ക്.: ബൈ ദ ആദർ, 1984), 89.

[11]നീൽ ആർ. ലൈറ്റ്ഫുട്, *ജീസസ് ക്രൈസ്റ്റ് ടുഡേ: എ കമെന്ററി ഓൺ ദ ബുക്ക് ഓഫ് ഹീബ്രൂസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1976), 156. [12]ഇബിഡ്. 13ഫിലൊ ലൈഫ് ഓഫ് മോസസ്, II 15. [14]ബ്രുസ്, 167. [15]"പുതിയ" എന്ന

തിനുള്ള വാക്കിന്റെ (*കൈനോസ്*) അർത്ഥം, "പുതിയ തരത്തിലുള്ള ഒന്ന്" എന്നാണ്. [16]അഡാപ്റ്റഡ് ഫ്രം മിലിഗൺ, 290–91. [17]ഗത്രി, 175. [18]ബ്രുസ്,173. [19]ക്രെയിഗ് ആർ. കോയെസ്റ്റർ, *ഹീബ്രൂസ്: ഏ ന്യൂ ട്രാൻസ്ലേഷൻ വിത്ത് ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി.* ദ ആങ്കർ ബൈബിൾ, വാല്യം 36 [ന്യു യോർക്ക്: ഡബിൾഡേ, 2001], 386–87. [20]റീസ്, 135, എൻ. 42.

[21]ലൈറ്റ്ഫുട്, *ജീസസ് ക്രൈസ്റ്റ് ടുഡേ,* 160. [22]വാരെൻ ഡബ്ലിയു. വിയേഴ്സ്ബേ, ബി കോൺഫിഡെന്റ്, ആൻ എക്സ്പോസിറ്ററി സ്റ്റഡി ഓഫ് ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ് വീറ്റൺ, Ill.: വിക്ടർ ബുക്സ്, 1982), 93. [23]റേമണ് ബ്രൗൺ, ദ മെസേജ് ഓഫ് ഹീബ്രൂസ്: ക്രൈസ്റ്റ് എബവ് ആൾ, ദ ബൈബിൾ സ്പീക്സ് ടുഡേ (ഡൗണേഴേസ് ഗ്രോവ്, Ill.: ഇന്റർ–വാഴ്സിറ്റി പ്രസ്, 1982), 142. [24]ഈ ആശയം എടുത്തിരിക്കുന്നത്, റേ സി. സ്റ്റെഡ്മാൻ, ഹീബ്രൂസ്, ഐവിപി ന്യൂ ടെസ്റ്റമെന്റ് കമെന്ററി സീരീസ് (ഡൗണേഴേസ് ഗ്രോവ്, Ill.: ഇന്റർ–വാഴ്സിറ്റി പ്രസ്, 1992), 87. [25]താഴെ കൊടുത്തിരിക്കുന്നത് എടുത്തിരിക്കുന്നത് ബ്രൗൺ, 150–51. ൽ നിന്നാണ്. [26]താഴെ കൊടുത്തിരിക്കുന്നത്, ലൈറ്റ് ഫുട്, *എവരിവൺ ഗൈഡ് ടു ഹീബ്രൂസ്,* 108–11. [27]അഡാപ്റ്റഡ് ഫ്രം ഹ്യൂഗോ മകോർഡ്, *ഫിഫ്റ്റി ഇയേഴ്സ് ഓഫ് ലെക്ച്ചേഴ്സ്* (അറ്റ്വുഡ്, റ്റെൺ.: പ്രൈവറ്റ്ലി പ്രിന്റഡ്, എൻ. ഡി.) 183. [28]ആർതർ ഡബ്ളിയൂ. പിങ്ക്, *ആൻ എക്സ്പൊസിഷൻ ഓഫ് ഹീബ്രൂസ്*, (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1954), 436.